I.ഇ.ബി. XIIകേരള നിയമസഭ/VIII-16

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ജില്ലകളുടേയും താലൂക്കുകളുടേയും പുന:സംഘടന

ശ്രീ. സി.പി. മുഹമ്മദ്: വികസനപ്രവർത്തനവും ഭരണവും സുഗമമായി നടത്തുന്നതിന് സംസ്ഥാനത്തെ ജില്ലകളേയും താലൂക്കുകളേയും ഭൂവിസ്തൃതിയുടേയും ജനസംഖ്യയുടേയും അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. അഖിലേന്ത്യാ ശരാശരി അനുസരിച്ച് ഒരു ജില്ലയിലെ ജനസംഖ്യ 19 ലക്ഷമാണെങ്കിൽ കേരളത്തിൽ അത് 25 ലക്ഷമാണ്. ജനസംഖ്യാടിസ്ഥാനത്തിൽ അസംബ്ലി/പാർലമെന്റ് നിയോജകമണ്ഡലങ്ങൾ ഈയിടെ പുന:സംഘടിപ്പിക്കുകയുണ്ടായി. ജനസംഖ്യയുടെയോ ഭൂവിസ്തൃതിയുടേയോ അടിസ്ഥാനത്തിലല്ല ജില്ലകൾ

രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളത്. വള്ളുവനാടിന്റെ സാംസ്ക്കാരിക പൈതൃകവും ഭൂപ്രകൃതിയും കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ പൊന്നാനി പ്രദേശവും ഒറ്റപ്പാലം താലൂക്കും തൃശ്ശൂർ ജില്ലയുടെ അതിർത്തി പ്രദേശങ്ങളും നിളാനദിയുടേയും കുന്തിപ്പുഴയുടേയും പരിസര പ്രദേശങ്ങളും ചേർത്ത് വള്ളുവനാടിനെ ഒരു ജില്ലയായി പ്രഖ്യാപിക്കണം. താലൂക്ക് പുന:സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഠനവും പ്രഖ്യാപനങ്ങളും നടത്തിയിരുന്നുവെങ്കിലും താലൂക്ക് രൂപീകരണം ഇതുവരെ നടന്നില്ല. അതു കൊണ്ട് പട്ടാമ്പി, കാട്ടാക്കട, കായംകുളം ഉൾപ്പെടെ താലൂക്കുകൾ രൂപീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് താലൂക്കുകളുടെ പുന:സംഘടനയും പുതിയവയുടെ രൂപീകരണവും ദീർഘകാലമായി ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. ഭൂവിസ്തൃതി, ജനസംഖ്യ, വില്ലേജുകളുടെ എണ്ണം, മലയോരപ്രദേശം, പിന്നോക്കാവസ്ഥ, ജനങ്ങളുടെ സൗകര്യങ്ങൾ എന്നിവ മാനദണ്ഡമാക്കി പുന:സംഘടിപ്പിക്കണമെന്ന ആവശ്യം മുൻ ഗവൺമെന്റുകൾ പരിശോധിക്കുകയും വിവിധ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുത്തിരുന്നതുമാണ്. 16 പുതിയ താലൂക്കുകൾ രൂപീകരിക്കാനാണ് തീരുമാനിച്ചിരുന്നത്. തുടർന്നുവന്ന ഗവൺമെന്റുകൾ അത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചില്ല. ഈ താലൂക്കുകളുടെ ലിസ്റ്റും തുടർന്നുവന്ന നിവേദനങ്ങളും വിവിധ ജില്ലകളിലെ കളക്ടർമാർ നൽകിയ റിപ്പോർട്ടും പരിശോധിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ താലൂക്കുകളുടെ രൂപീകരണം

സർക്കാരിന് വളരെയധികം സാമ്പത്തിക ബാധ്യത ഉണ്ടാക്കും. താലൂക്ക് രൂപീകരണം ന്യായമായതും ഭരണപരമായ കാര്യങ്ങൾക്ക് അനിവാര്യവുമാണെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഇതിന്റെ നാനാവശങ്ങളും പരിശോധിച്ച് യുക്തമായ തീരുമാനം അനുയോജ്യമായ സമയത്ത് സർക്കാർ കൈക്കൊള്ളുന്നതാണ്. ആദിവാസികളുടെ ക്ഷേമം കാംക്ഷിച്ചുകൊണ്ട് ആവിഷ്ക്കരിക്കുന്ന പല പദ്ധതികളും ലക്ഷ്യപ്രാപ്തി യിൽ എത്താത്തതുകൊണ്ട് അട്ടപ്പാടി ട്രൈബൽ താലൂക്ക് രൂപീകരണം ടോപ്പ് പ്രയോറിറ്റി കൊടുത്ത് നടത്തണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്. പുതിയ താലൂക്കുകളുടെ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ആധികാരികമായി പഠനം നടത്തി വില്ലേജുകളുടെ പുന:സംഘടനയെക്കുറിച്ച് തീരുമാനിക്കുന്നതാണ്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഭൂവിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് ഭരണപരമായ പ്രതിസന്ധി ഒഴിവാക്കുന്നതിന് പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. പുതിയ ജില്ലകളുടെ രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പട്ടാമ്പി താലൂക്ക് രൂപീകരണം പരിഗണിക്കേണ്ട കാര്യമാണ്. ഇതു സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) <u>നിർമ്മാണ മേഖലയിലെ പ്രതിസന്ധി</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>: സംസ്ഥാനത്തെ നിർമ്മാണ മേഖല ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ടെന്റർ ചെയ്യുമ്പോഴും എഗ്രിമെന്റ് വയ്ക്കുന്ന സമയത്തുമുള്ള നിർമ്മാണ

സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. അടുത്ത കാലത്ത് സർക്കാർ ചെറിയ തോതിൽ മെറ്റീരിയൽസിന് വില വർദ്ധിപ്പിച്ചിരുന്നുവെങ്കിലും അത് പൊതു മാർക്കറ്റിലേതുമായി യാതൊരു ബന്ധവുമില്ലാത്ത തരത്തിലായിരുന്നു. ഒരു ചാക്ക് സിമന്റിന് 227 രൂപയാണ് സർക്കാർ വില, പൊതു കമ്പോളത്തിൽ 267-270 രൂപ; ഒരു കിലോഗ്രാം കമ്പിക്ക് 27 രൂപ സർക്കാർ വില, പൊതു കമ്പോളത്തിൽ 53 രൂപ; ഒരു ലോഡ് മണലിന് 990 രൂപ സർക്കാർ വില, പൊതു കമ്പോളത്തിൽ 2300 രൂപ. പൊതുമേഖലയിലും സർക്കാർ മേഖലയിലും ജലസേചനരംഗത്തു മൊക്കെ ഏറ്റെടുത്തിരുന്ന നിർമ്മാണപ്രവർത്തനങ്ങൾ പലതും പൂർത്തീകരി ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എസ്ക്കലേഷൻ റേറ്റ് വർദ്ധിപ്പിച്ച് ഈ ഗുരുതരാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഈ പ്രശ്നം സർക്കാർ ഗൗരവമായി പരിശോധിച്ചു വരികയാണ്. സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഭൂരിഭാഗം പ്രവൃത്തികളും 2004 ഷെഡ്യൂൾ പ്രകാരം എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. അപ്രതീക്ഷിതവും ക്രമാതീതവുമായി വന്നിരിക്കുന്ന കെട്ടിട സാമഗ്രികളുടെ വില വർദ്ധനവ്മൂലം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധി നേരിടുകയാണ്. 2008-ൽ ഷെഡ്യൂൾ നിരക്കുകൾ പുതുക്കി നിശ്ചയിച്ചെ ങ്കിലും ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾക്ക് പുതിയ നിരക്കുകൾ

ബാധകമല്ലാത്തതിനാൽ വില വർദ്ധനവിലുണ്ടായിരിക്കുന്ന വ്യത്യാസം കരാറുകാർക്ക് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. നിലവിലുള്ള കരാർ വ്യവസ്ഥ പ്രകാരം ഇത്തരത്തിലുള്ള വർദ്ധനവുകൾ കരാറുകാർക്ക് അനുവദിക്കാൻ കഴിയില്ല. സാധന സാമഗ്രികളുടെ വില വ്യത്യാസം കരാറുകാർക്ക് നൽകാൻ കഴിയുമോ എന്നതിനെക്കുറിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പ്രവൃത്തികൾ കരാറുകാരന്റെ വീഴ്ച മൂലമാണ് മുടങ്ങാൻ ഇടയായതെങ്കിൽ കരാർ റദ്ദ് ചെയ്ത് പുന:ക്രമീകരണം നടത്താനും കാലതാമസത്തിന് കാരണം സർക്കാരാണെങ്കിൽ ഇത്തരം പ്രവൃത്തികൾക്കുള്ള തുക നൽകുന്നതു സംബ ന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് നൽകുന്ന റേറ്റിന്റെ അടിസ്ഥാ നത്തിൽ തീരുമാനിക്കണമെന്നും ചീഫ് എഞ്ചിനീയർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടാറിന്റെ കാര്യത്തിൽ 11 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾക്ക് ഇപ്പോൾ കമ്പോള വില നൽകി വരുന്നുണ്ട്. നിയമ ഭേദഗതിയിൽക്കൂടി മാത്രമേ എസ്ക്കലേഷൻ സിസ്റ്റത്തിലേയ്ക്ക് മാറാൻ സാധിക്കുകയുള്ളൂ. ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സർക്കാർ അടിയന്തിരമായി ഒരു ഉന്നതതല യോഗം വിളിക്കുകയും ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യും. എഞ്ചിനീയേഴ്സിന് കൊടുത്തുകൊണ്ടി രുന്ന ഇമ്പ്രസ് റേറ്റ് നിറുത്താനിടയായത് ദുർവിനിയോഗം ചെയ്തതു കൊണ്ടാണ്. മുടങ്ങിപ്പോയ നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കു ന്നതിന് ശ്രമങ്ങൾ നടത്തി വരികയാണ്. മന്ത്രിമാർ വാടകക്കെട്ടിടങ്ങൾ ഔദ്യോഗിക വസതിയായി ഉപയോഗിക്കുന്നതും മുൻ എം.എൽ.എ.മാർക്ക് എം.എൽ.എ. ഹോസ്റ്റലിൽ മുറികൾ കിട്ടാൻ ബുദ്ധിമുട്ടുന്ന സാഹചര്യവും

കണക്കിലെടുത്ത് എം.എൽ.എ. ഹോസ്റ്റലിലെ 7, 8 ബ്ളോക്കുകളിൽ 16 പുതിയ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അഡീഷണൽ ബ്ളോക്ക് നിർമ്മിക്കുന്നതിന് ടെന്റർ അംഗീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് നിർമ്മാണപ്രവർത്തനമാരംഭിക്കും.

**സബ്മിഷൻ**

(1) പാകിസ്ഥാൻ പൗരത്വമുള്ള മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. വി. ശശികുമാർ: പാകിസ്ഥാനിൽ ജോലി തേടിപ്പോയി തിരികെ നാട്ടിൽ വന്ന 70 വയസ്സു കഴിഞ്ഞ മുന്നൂറോളം മലയാളികൾ പാകിസ്ഥാൻ പൗരന്മാരെന്ന കാരണത്താൽ അനുഭവിക്കുന്ന പീഢനം അവസാനിപ്പിക്കാനും സാങ്കേതിക പ്രശ്നങ്ങളിൽ ഇളവ് വരുത്തി ഇൻഡ്യൻ പൗരത്വം നൽകാനും ഫോറിനേഴ്സ് രജിസ്ട്രേഷൻ ആഫീസർ മുമ്പാകെ പോയി ഒപ്പിടുന്നതിന് പകരം പോലീസ് ഇവരുടെ വീട്ടിൽ പോയി ഒപ്പ് ശേഖരിക്കാനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് ഇൻഡ്യയിൽ നിന്നും ജോലിക്കായി പാകിസ്ഥാനിൽ പോയി പാക് പൗരത്വം നേടിയശേഷം കേരളത്തിൽ വന്നിട്ട് പ്രായാധിക്യത്താൽ തിരിച്ചു പോകാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇങ്ങനെയുള്ള 257 പാക് പൗരന്മാരെക്കൂടാതെ അനധികൃത പാസ്പോർട്ടുള്ള 111 പാക് പൗരന്മാരുമുണ്ടെന്നാണ് കണക്കാക്കുന്നത്. പാക് പൗരത്വമുള്ളവർ ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരായി ഒപ്പിടുന്നതിലുള്ള നടപടിക്രമം ലഘൂകരിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലുണ്ട്. കേരളത്തിലുള്ള പാക് പൗരന്മാർ ദീർഘകാലം താമസിക്കാനുള്ള അനുവാദത്തിനുവേണ്ടി

ജില്ലാ കളക്ടർ മുഖേന സമർപ്പിക്കുന്ന അപേക്ഷയിന്മേൽ കേന്ദ്ര സർക്കാരാണ് അന്തിമ തീരുമാനം എടുക്കേണ്ടത്.

(2) കീഴാറ്റൂർ, പരുത്തിക്കുഴി പാലങ്ങളുടെ പണി

ശ്രീ. ജി. കാർത്തികേയൻ: ആര്യനാട് നിയോജകമണ്ഡലത്തിലെ കീഴാറ്റൂർ, ഉഴമലയ്ക്കൽ, പരുത്തിക്കുഴി പാലങ്ങളുടെ പണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കീഴാറ്റൂർ പാലം പണിക്ക് 2007-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരം 541 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ട്. പരുത്തിക്കുഴി പാലം പണി ടെണ്ടർ തുകയുടെ 17 ശതമാനം അധിക തുകയ്ക്ക് നൽകുന്ന കാര്യം പരിശോധനയിലാണ്. പാലം പണികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്.

(3) വെറ്ററിനറി ഡോക്ടർമാരുടെ സത്യാഗ്രഹം

ശ്രീ. എൻ. അനിരുദ്ധൻ: പൂക്കോട് ഒരു വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): അഹമ്മദാബാദിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫ. വിജയ്പാൽ ശർമ്മ ചെയർമാനായ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത പ്രകാരം പൂക്കോട് വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആസൂത്രണ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുവേണ്ട ധനസ്രോതസ്സ് കണ്ടെത്തുന്ന കാര്യം നിർദ്ദേശിക്കുന്നതിന് ഒരു സമിതി രൂപീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(4) <u>സംസ്ഥാന കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലിന്റെ പുന:സംഘടന</u>

<u>ശ്രീ. കെ.കെ. ദിവാകരൻ:</u>ഹൈക്കോടതി ഉത്തരവിൻപ്രകാരം സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ പുന:സംഘടിപ്പിക്കുന്നതിനും ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> സംസ്ഥാന ഉപഭോക്തൃ ഫോറത്തിന്റെ പ്രവർത്തനം സജീവമായി നടക്കുന്നു. 14 ഫോറങ്ങൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഉപഭോക്തൃ വകുപ്പിന്റെ ചാർജ്ജുള്ള മന്ത്രി ഉൾപ്പെട്ട 35 അംഗങ്ങളുള്ള സംസ്ഥാന സമിതിയായ സംസ്ഥാന കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലിൽ 10 അംഗങ്ങളെ കേന്ദ്ര സർക്കാർ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട നോമിനേഷൻ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അതിന് കാത്തുനിൽക്കാതെ കൗൺസിൽ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) <u>പനങ്കയം പാലത്തിന്റെ പണി</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> നിലമ്പൂർ നിയോജക മണ്ഡലത്തിൽ പോത്തുകല്ല് പഞ്ചായത്തിലെ പനങ്കയത്ത് ചാലിയാർ പുഴയ്ക്കു കുറുകെ 75 ശതമാനം പണി പൂർത്തിയായ പാലത്തിന്റെ അവശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ 25 ലക്ഷം രൂപ അനുവദിച്ച് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> ചാലിയാർ പുഴയ്ക്കു കുറുകെ പണിയുന്ന പാലത്തിന് അപ്രോച്ച് റോഡിനുവേണ്ടി

സ്ഥലം ലഭ്യമാക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമായി ധാരണയായിട്ടുണ്ട്. സ്ഥലം ലഭ്യമാക്കി 25 ലക്ഷം രൂപ അടിയന്തിരമായി അനുവദിച്ച് പാലം പണി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഓരോ മണ്ഡലത്തിലും പൂർണ്ണമാകാതെ കിടക്കുന്ന കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ലിസ്റ്റ് മരാമത്തുവകുപ്പിൽ നിന്ന് ലഭ്യമായതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ഒരു പാക്കേജ് ഉണ്ടാക്കി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കായംകുളം കെ.എസ്.ആർ.ടി.സി. ഗ്യാരേജ്

ശ്രീ. സി.കെ. സദാശിവൻ: കായംകുളം ബസ്സ്സ്റ്റേഷൻ നവീകരിക്കുന്നതിനും ഗ്യാരേജ് പുതുക്കി പണിയുന്നതിനും പുതിയ ഷെഡ്യ്യൂളുകൾ ആരംഭിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം. ബി.ഒ.ടി. അടിസ്ഥാനത്തിൽ അവിടെ വാണിജ്യ സമുച്ചയത്തിനുള്ള അനുമതി നൽകണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കായംകുളം കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ ഷെഡ്യ്യൂളുകൾ നേരത്തെയുണ്ടായിരുന്നതിൽ നിന്ന് വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഷെഡ്യ്യൂളുകൾ പുന:സംഘടിപ്പിച്ചു. ബസ്സ് സ്റ്റേഷന്റെയും ഗ്യാരേജിന്റെയും അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. 30 ബസ് സ്റ്റേഷനുകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മിക്കുന്നതിൽ കായംകുളം ബസ് സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്.

(7) മരാമത്ത് റോഡുകൾ

ശ്രീ. എം. എം. മോനായി: പൈപ്പിടുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി കുഴിച്ചിട്ട കുന്നത്തുനാട് മണ്ഡലത്തിലെ പോങ്ങാശ്ശേരി-ചിത്രപ്പുഴ റോഡ് അറ്റകുറ്റപ്പണികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പോങ്ങാശ്ശേരി റോഡിലെ കരിമുകൾ മുതൽ ചിത്രപ്പുഴ വരെയുള്ള ഭാഗം പൈപ്പ് ഇടുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിക്ക് നൽകിയിരുന്നു. കരിമുകൾ മുതൽ എഫ്.എ.സി.റ്റി. ഗേറ്റ് വരെയുള്ള ഭാഗം നന്നാക്കുന്നതിന് ടെണ്ടർ നൽകി കരാറുകാരൻ ഏറ്റെടുത്ത് പണി നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഫ്.എ.സി.റ്റി. ഗേറ്റ് മുതൽ ചിത്രപ്പുഴ വരെയുള്ള വർക്കിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ പരിശോധിച്ച് പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് ഡിപ്പാർട്ടുമെന്റുകൾ കൈമാറിയതിനുശേഷം റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന മരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. റോഡുകൾ തിരിച്ചേൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട സമയപരിധി നടപ്പിലാക്കുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ഏകോപനം നടത്തുന്നതാണ്.

(8) വടക്കഞ്ചേരി-ഗോവിന്ദാപുരം നാഷണൽ ഹൈവേയുടെ നവീകരണം

ശ്രീ. വി. ചെന്താമരാക്ഷൻ: വടക്കഞ്ചേരി-ഗോവിന്ദാപുരം റോഡ് വർക്ക് കരാറുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ തീർപ്പുണ്ടാക്കി റോഡിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): വടക്കഞ്ചേരി-ഗോവിന്ദാപുരം റോഡുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഒരു ഇടക്കാല ഉത്തരവിറക്കിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശ പ്രകാരം ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) കേരള കാർഷിക സർവ്വകലാശാലയിലെ പ്രശ്നങ്ങൾ

ശ്രീ. എ.സി. മൊയ്തീൻ: പ്രതിസന്ധി നേരിടുന്ന കേരള കാർഷിക സർവ്വകലാശാലയുടെ പ്രശ്നങ്ങളെക്കുറിച്ച് ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തുന്നതിനും ആ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ വികസനത്തിനായുള്ള പ്രോജക്ടുകൾ കേന്ദ്രത്തിൽ സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കേരള കാർഷിക സർവ്വകലാശാലയ്ക്ക് 2008-09 സാമ്പത്തിക വർഷം ഗ്രാന്റായി വകയിരുത്തിയത് 67.87 കോടി രൂപയാണ്. ജീവനക്കാരുടെ ശമ്പളം, തൊഴിലാളികളുടെ വേതനം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, വാർഷിക സംരക്ഷണച്ചെലവുകൾ, ആവർത്തനച്ചെലവുകൾ, വിരമിക്കൽ ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നതിന് നിലവിലുള്ള ഗ്രാന്റ് അപര്യാപ്തമാണെന്ന് വിഷയനിർണ്ണയ സമിതി വിലയിരുത്തുകയും കൂടുതൽ തുക ശുപാർശ ചെയ്തിരുന്നതുമാണ്. കാർഷിക സർവ്വകലാശാലയിൽ ജൂൺ മാസത്തെ ശമ്പളം നൽകാനായി 5.60 കോടി രൂപയാണ് പദ്ധതിയിതര ഗ്രാന്റായി ലഭിച്ചത്. മറ്റ് നീക്കിയിരുപ്പുകൾ ഒന്നും

ഇല്ലാത്ത സാഹചര്യത്തിൽ മുഴുവൻ ജീവനക്കാർക്കും കൃത്യമായ തീയതിയിൽ ശമ്പളം നൽകാൻ അധിക സഹായധനം അനുവദിക്കണമെന്ന് കാർഷിക സർവ്വകലാശാല സർക്കാരിനോട് അഭ്യർത്ഥിച്ചതനുസരിച്ച് മൂന്ന് കോടി രൂപ പദ്ധതിയിതര ഗ്രാന്റായി അനുവദിക്കുകയും ചെയ്തു. കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനും സുഗമമായ പ്രവർത്തനത്തിനും ആവശ്യമായ നടപടികൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ ബന്ധപ്പെട്ടവരുമായി കൂടിയാലോചിക്കുന്നതാണ്.

(10) ഹയർ സെക്കന്ററി പ്രവേശനത്തിലെ സ്പോർട്ട്സ് ക്വാട്ട

ശ്രീ. എം. മുരളി: സംസ്ഥാനത്ത് ഈ വർഷം നടപ്പിലാക്കിയ ഏകജാലക സംവിധാന പ്രകാരമുള്ള പ്ളസ് വൺ അഡ്മിഷന് അഞ്ച് ശതമാനം സ്പോർട്ട്സ് ക്വാട്ട ലഭ്യമാക്കണം. അഡീഷണൽ സീറ്റ് നൽകിക്കൊണ്ട് സ്പോർട്ട്സ് കൗൺസിൽ സെലക്ട് ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ കായിക അഭിരുചിക്കനുസരിച്ചുള്ള സ്കൂളുകളിൽത്തന്നെ അഡ്മിഷൻ കൊടുക്കാനുള്ള സംവിധാനമുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : 17-06-2003-ലെ സർക്കാർ ഉത്തരവിൽ യാതൊരു മാറ്റവും വരുത്താതെയാണ് സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം നടത്തിയിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക മേഖലയിൽ മികവുള്ള വിദ്യാർത്ഥിക്ക് ആ മേഖലയിൽത്തന്നെ പരിശീലനം ലഭിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള

സ്കൂളുകളിൽ പ്രവേശനം നൽകുന്നതിന് ഈ വർഷംതന്നെ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. സാങ്കേതികകാരണം കൊണ്ട് ഈ വർഷം സാധിക്കാതെ വന്നാൽ അടുത്ത അക്കാഡമിക് വർഷം ഇത്തരത്തിലുള്ള പ്രവേശനം ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) നാലുവരിപ്പാതയുടെ ആവശ്യകത

ശ്രീ. എൻ. ശക്തൻ : ഗതാഗതക്കുരുക്ക് ഏറ്റവും രൂക്ഷമായ ദേശീയ പാത 47-ൽപ്പെട്ട കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ബാലരാമപുരം ജംഗ്ഷൻ വികസിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ദേശീയ പാത 47-ൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്ത് രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള നോംസ് അനുസരിച്ച് പി. സി. യു. (പാസ്സഞ്ചർ-കാർ-യൂണിറ്റ്) ഇരുപത്തയ്യായിരത്തിന് മുകളിലായാൽ അവിടെ നാലുവരിപ്പാതയാക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. നിലവിലുള്ള റോഡ് നാലുവരിപ്പാതയായി ഉയർത്താനുള്ള സ്ഥലമെടുപ്പ് ചെലവേറിയതായതിനാൽ തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപ്പാസ്സിന് കേന്ദ്ര ഗവൺമെന്റ് രൂപം കൊടുക്കുകയും കഴക്കൂട്ടം മുതൽ കോവളംവരെയുള്ള 22 കിലോമീറ്റർ രണ്ടുവരിപ്പാതയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവളം മുതൽ കളിയിക്കാവിള വരെയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്. ദേശീയപാത 47 നാലുവരിപ്പാതയാക്കുന്ന

പദ്ധതിയുടെ ഭാഗമായി നിലവിലുള്ള രണ്ടുവരിപ്പാത ബൈപ്പാസ് റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം ദേശീയ പാത 47-ന്റെ വികസനത്തിന്റെ ഭാഗമായി വരുന്നില്ല എന്നതുകൊണ്ട് ഒരു പുതിയ പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്. ഈ ഭാഗത്ത് സങ്കീർണ്ണമായ ഗതാഗതക്കുരുക്ക് നിലനിൽക്കുന്നതിനാൽ പുതിയ ഇൻവെസ്റ്റിഗേഷൻ നടത്തി, സർവ്വേ നടപടികൾ സ്വീകരിക്കാൻ കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിട്ടിയാലുടൻ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. ബാലരാമപുരം ജംഗ്ഷൻ വികസനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ കേരളാ റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തുന്നതാണ്..

(12) കയർത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ : കയർ വ്യവസായ മേഖലയിലെ ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള കയർത്തൊഴിലാളി ഫെഡറേഷൻ ഇന്ന് ഉപവാസ സമരം നടത്തുകയാണ്. ഈ ഗവൺമെന്റ് കയർ വ്യവസായ മേഖലയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് ആശ്വാസം നൽകാനും നിരവധി നടപടികൾ സ്വീകരിക്കുകയുണ്ടായി. എങ്കിലും കയർപിരി മേഖലയിൽ ഉൽപ്പാദകരുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ സങ്കീർണ്ണമായി തുടരുകയാണ്. ഈ മേഖലയിൽ എഗ്രീഡ് വേജസോ, മിനിമം വേജസ്സോ നടപ്പിലാക്കുന്നില്ല. ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ തൊഴിലാളികളുടെ കൂലി പുതുക്കിനിശ്ചയിക്കണം. പതിനായിരക്കണക്കിന്

തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ മേഖലയിൽ യന്ത്രങ്ങൾ സ്ഥാനംപിടിച്ചതിനെത്തുടർന്ന് തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) : പരമ്പരാഗത വ്യവസായങ്ങൾക്ക് ചൂഷണാധിഷ്ഠിത മുതലാളിത്ത വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രയാസങ്ങളാണ് കയർ വ്യവസായ മേഖലയിലുമുള്ളത്. തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നതിനുപകരം എഗ്രീഡ് വേജസ്സാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കയർപിരി തൊഴിലാളികൾക്ക് പത്ത് ശതമാനം കൂലി താൽക്കാലികമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായി ചർച്ചചെയ്ത് ദീർഘകാല എഗ്രിമെന്റ് വയ്ക്കാൻ ഈ മാസം 21-ാം തീയതി കോൺഫറൻസ് വിളിച്ചിട്ടുണ്ട്. കയർത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(13) കോന്നി ഇൻഡോർ സ്റ്റേഡിയം

ശ്രീ. അടൂർ പ്രകാശ്: കോന്നി നിയോജകമണ്ഡലത്തിലെ പ്രമാടം പഞ്ചായത്തിൽ പണിതുകൊണ്ടിരിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റ് തുകയുടെ അൻപത് ശതമാനം കേന്ദ്ര ധനസഹായമാണ്. 14-7-2006-ലെ ജി.ഒ.പ്രകാരം 146 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് പിന്നീട് ഭരണാനുമതി നൽകിയിരുന്നു. കേന്ദ്രസഹായം കഴിച്ചുള്ള ബാക്കി തുക എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിൽ നിന്നുമായി സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡു ലഭിക്കുകയും രണ്ടാം ഗഡു ലഭിക്കുന്നതിനായി കേന്ദ്ര കായിക യുവജന കാര്യാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സ്പോർട്ട്സ് രംഗം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യംവച്ചുകൊണ്ട് പ്രസ്തുത സ്റ്റേഡിയത്തിനായി സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഉന്നതതല യോഗം ജൂലൈ മാസം 21-ാം തീയതി ചേരുന്നതാണ്.

(14) മഞ്ഞപ്പിത്ത രോഗബാധ

ശ്രീ. തോമസ് ചാഴികാടൻ: കോട്ടയം മെഡിക്കൽ കോളേജിന് സമീപത്തുള്ള ആർപ്പൂക്കര, അയ്മനം, ഏറ്റുമാനൂർ, അതിരമ്പുഴ എന്നീ പഞ്ചായത്തുകളിൽ പടർന്നുപിടിച്ചിട്ടുള്ള മഞ്ഞപ്പിത്തരോഗം തടയാനും ഇവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന പുതിയ ദ്രവ മാലിന്യ സംസ്ക്കരണ

പ്ലാന്റിന്റെ പണി എത്രയും വേഗം പൂർത്തിയാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോട്ടയം മെഡിക്കൽ കോളേജിന് സമീപത്ത് മഞ്ഞപ്പിത്തരോഗബാധയുണ്ടായത് ഒരു വിവാഹ ചടങ്ങിന്റെ തലേ ദിവസം നടന്ന സൽക്കാരത്തിൽ ഒത്തുകൂടിയ 21 പേർക്കാണെന്ന് കണ്ടെത്തി യിട്ടുണ്ട്. വിവാഹ വീട്ടിലെ കിണറ്റിലെ വെള്ളത്തിൽനിന്നാണ് രോഗം പടർന്നത്. പ്രസ്തുത സ്ഥലങ്ങളിൽ ക്ലോറിനേഷനും മറ്റ് പ്രതിരോധ പ്രവർത്ത നങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരു ത്തുന്നതിന് ഇന്ന് കോട്ടയം ജില്ലാ കളക്ടർ യോഗം വിളിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള പുതിയ ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(15) ഇടശ്ശേരിക്കടവ് പാലം പണി

ശ്രീ. പി.കെ. അബ്ദുറബ്ബ്: മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴുപറമ്പ്, ചീക്കോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും വയനാട് ഭാഗത്തുനിന്നും എളുപ്പത്തിൽ കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കും കോഴിക്കോട് സർവ്വകലാശാലയിലേയ്ക്കും എത്താൻ സഹായിക്കുന്നതുമായ ഇടശ്ശേരിക്കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കണം. അപ്രോച്ച് റോഡിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി റോഡ് പണി അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യമായ നടപടിയും സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മലപ്പുറം ജില്ലയിലെ ഇടശ്ശേരിക്കടവ് പാലത്തിന്റെ പണി ആർ. ഐ. ഡി. എഫ്.-10-ൽ പെടുത്തി 29-03-2005-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ചതാണ്. നിർമ്മാണ കാലാവധി 24 മാസമായിരുന്നത് 28-03-2009 വരെ നീട്ടിയിട്ടുണ്ട്. ഒൻപത് സ്പാനുകളുള്ളതിൽ നാലെണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്. അപ്രോച്ച് റോഡിന്റെ പണികൾക്കാവശ്യമായ സ്ഥലം പൂർണ്ണമായും വിട്ടുകിട്ടാത്തതുകാരണവും ഇലക്ട്രിക് ലൈനുകൾ, വാട്ടർ സപ്ലൈ ലൈനുകൾ തുടങ്ങിയവ മാറ്റിയിടുന്നതിലുള്ള താമസം കാരണവും പണി നീണ്ടുപോയിട്ടുണ്ട്. വിട്ടുകിട്ടേണ്ട സ്ഥലത്തുകൂടി കരാറുകാരൻ സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിന് സ്ഥലം ഉടമകൾ തടസ്സം നിൽക്കുന്നതും നിർമ്മാണ പ്രവൃത്തികളെ സാരമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് സ്ഥലം അഡ്വാൻസ് പൊസഷനിൽ എടുക്കുന്നതിന് സർക്കാർ ഉത്തരവുണ്ടായിരുന്നുവെങ്കിലും സ്ഥലവാസികളുടെ എതിർപ്പ് കാരണം സ്ഥലം ഏറ്റെടുക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. റവന്യൂ വകുപ്പും പൊതുമരാമത്ത് വകുപ്പും ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വാലുവേഷൻ ത്വരിതഗതിയിൽ നടന്നുവരികയാണ്. അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(16) നീതിസ്റ്റോറുകളുടെ പ്രവർത്തനം

ശ്രീമതി കെ.എസ്. സലീഖ: വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 1996-ൽ ആരംഭിച്ച നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും മുൻകാല പ്രാബല്യ

ത്തോടെ വേതനം മെച്ചപ്പെടുത്തുന്നതിനും ഉൽസവബത്ത ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടു തവണ നീതിസ്റ്റോറുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചു 19-3-2007-ലെ ഉത്തരവുപ്രകാരം എല്ലാ സ്റ്റോറുകളിലേയും ജീവനക്കാർക്ക് പ്രതിമാസം 100 രൂപ വീതം അടിസ്ഥാന വേതന വർദ്ധനവും വിൽപ്പന 50,000 രൂപയിൽ കൂടുതലുള്ള തുകയുടെ രണ്ട് ശതമാനം കമ്മീഷനും അനുവദിച്ചു. 1-7-2007 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 1500 രൂപ വേതനവും പ്രതിമാസ വിൽപന 50,000 രൂപയിൽ കൂടുതലുള്ള തുകയുടെ 3 ശതമാനം കമ്മീഷനും 500 രൂപ ഉൽസവബത്തയും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(17) അമ്പലപ്പുഴ ചിറയുടെ മലിനീകരണം

ശ്രീ. സാജുപോൾ: പെരുമ്പാവൂർ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിനു മുൻവശത്ത് സ്ഥിതിചെയ്യുന്ന ക്ഷേത്രക്കുളവും അമ്പലപ്പുഴ ചിറയും പുനരുദ്ധരിക്കാനാവശ്യമായ സത്വര നടപടിയുണ്ടാകണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ മുൻവശത്ത് സ്ഥിതി ചെയ്യുന്ന രണ്ടര ഏക്കർ വിസ്തീർണ്ണമുള്ള ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണെന്ന് തിരുവിതാംകൂർ ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(18) സിസ്റ്റർ അഭയ കേസ് അന്വേഷിച്ച എസ്.പി. യുടെ സ്ഥലംമാറ്റം

ശ്രീ. വി.എൻ. വാസവൻ: സിസ്റ്റർ അഭയ കേസ് അന്വേഷിച്ചുകൊണ്ടിരുന്ന എസ്.പി.-യെ സ്ഥലം മാറ്റിയിട്ട് മുമ്പ് ഈ കേസ് അന്വേഷിക്കുന്നതിൽ

വിമുഖത കാണിച്ച എസ്.പി.-ക്ക് ചുമതല നൽകിയിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): കേസന്വേഷണ ഉദ്യോഗസ്ഥന്റെ സ്ഥലംമാറ്റം സി.ബി.ഐ. -യുടെ അധികാര പരിധിയിൽ വരുന്നതാണ്. കേസന്വേഷണം ഗൗരവമായി നടത്തി കുറ്റവാളികളെ കണ്ടെത്തണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇതുസംബന്ധിച്ച് ഉയർന്നുവന്ന അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(19) അബ്ദുൾ റഹിമാന്റെ കൊലപാതകം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ജില്ലയിലെ കർഷകസംഘം ഏരിയാ കമ്മിറ്റിയംഗമായിരുന്ന അബ്ദുൾ റഹിമാന്റെ കൊലപാതക കേസ് ഉന്നത പോലീസുദ്യോഗസ്ഥർ അടങ്ങുന്ന ടീമിനെ ഏൽപ്പിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 26-9-2002-ന് അബ്ദുൾ റഹിമാൻ വീടിന്റെ കിടപ്പു മുറിയിൽ കഴുത്തിൽ വെട്ടേറ്റ് മരണപ്പെട്ട സംഭവത്തെ സംബന്ധിച്ച കേസന്വേ ഷണം ഊർജ്ജിതമാക്കാൻ ക്രൈം ബ്രാഞ്ച് ഐ.ജി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(20) ശൈലാരാജിനെ തടവിലാക്കിയ സംഭവം

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട ജില്ലയിൽ തിരുവല്ല ഇരുമ്പള്ളിൽ വീട്ടിൽ ശശികുമാറിന്റെ മകൻ ശൈലാരാജിനെ ഒരേ സംഭ വത്തിന് രണ്ട് കേസുകൾ ചാർജ്ജ് ചെയ്ത് ഗുണ്ടാ ആക്ടിലെ പ്രൊവിഷൻ

ദുരുപയോഗപ്പെടുത്തി തടവിലാക്കിയ സംഭവത്തിനുത്തരവാദികളായവർ ക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശൈലാരാജിനെതിരെ ഗുണ്ടാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ടുപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 6-3-2008 -ന് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. 13-6-08-ന് ജില്ലാ കളക്ടറാണ് ഡിറ്റൻഷൻ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളത്. 8-7-2008-ന് അറസ്റ്റ് ചെയ്ത് തിരുവനന്ത പുരം സെൻട്രൽ ജയിലിൽ പാർപ്പിച്ചിട്ടുണ്ട്. ആക്ട് ദുരുപയോഗം നടത്തിയി ട്ടുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കുന്നതിന് ആക്ടിൽതന്നെ വ്യവസ്ഥ യുണ്ട്. നിയമപരമായി മാത്രമേ ഇക്കാര്യത്തിൽ ഇടപെടാൻ സാധി ക്കുകയുള്ളൂ.

(21) പാഠ്യപദ്ധതി പരിഷ്ക്കരണം

ശ്രീ. വി.ഡി. സതീശൻ: പാഠ്യപദ്ധതി പരിഷ്ക്കരണത്തിനു രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പിന്റെ ചെയർമാൻ ഡോ. കെ.എൻ. പണിക്കരെ ഇപ്പോൾ ആക്ഷേപം വന്നിരിക്കുന്ന ഏഴാംക്ലാസ് സാമൂഹ്യപാഠപുസ്തകം പരിശോധി ക്കാനുള്ള ഉന്നതാധികാര വിദഗ്ദ്ധ സമിതി ചെയർമാനായി നിയമിച്ചിരിക്കു ന്നത് ശരിയാണോ എന്ന് വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഹ്യൂമാനിറ്റീസ് ആന്റ് കോമേഴ്സ് ഫോക്കസ് ഗ്രൂപ്പിന്റെ ചെയർമാ നായി തീരുമാനിച്ച ഡോ. കെ.എൻ. പണിക്കർ മറ്റ് അക്കാദമിക് ജോലികൾ നിർവ്വഹിക്കാനുള്ളതുകൊണ്ട് സ്ഥാനം ഏറ്റെടുക്കാനാവില്ലെന്ന് 16-10-06-ൽ കത്തുമുഖാന്തിരം എസ്.സി.ഇ.ആർ.ടി.-യെ അറിയിച്ചതിനാൽ പാഠപുസ്തക

പരിഷ്ക്കരണത്തെക്കുറിച്ചും, പാഠപുസ്തകത്തെക്കുറിച്ചു പൊതുവിലുള്ള പരാതികൾ പിരശോധിക്കാനുമായി രൂപീകരിച്ച ഉന്നതാധികാര വിദഗ്ദ്ധ സമിതിയുടെ ചെയർമാനായി നിയോഗിച്ചതിൽ അപാകതയൊന്നുമില്ല. എസ്.സി.ഇ.ആർ.ടി.-യുടെ പ്രസിദ്ധീകരണത്തിൽ ഫോക്കസ് ഗ്രൂപ്പ് ചെയർമാൻ ഡോ. കെ.എൻ. പണിക്കർ എന്ന് അച്ചടിച്ചു വന്നതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

(22) <u>കുഞ്ഞുണ്ണി മാസ്റ്റർക്ക് സ്മാരകം</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> പ്രശസ്തകവി കുഞ്ഞുണ്ണി മാസ്റ്റർക്ക് അനുയോജ്യമായ സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ.ബേബി):</u> കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന് ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുകയും സ്മാരക നിർമ്മാണത്തിനായി പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി നൽകുന്നതിന് ട്രസ്റ്റ് രൂപീകരിക്കാൻ ജില്ലാ കളക്ടറെ ചുമതല പ്പെടുത്തുകയും ചെയ്തിരുന്നു. വലപ്പാട് വില്ലേജിൽ 5 സെന്റ് സ്ഥലം വിട്ടുതരാമെന്ന് ബന്ധുക്കൾ അറിയിച്ചതിനാൽ Land Relinquishment Act പ്രകാരം നടപടി സ്വീകരിക്കാൻ വില്ലേജ് ആഫീസറെ ചുമതലപ്പെടുത്തിയ തായി തൃശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായാലുടൻ ട്രസ്റ്റ് രൂപീകരിച്ച് എം.എൽ.എ. ഫണ്ടും കൂടി ഉപയോഗപ്പെടുത്തി സ്മാരക നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

(23) <u>ഹൈക്കോടതിയുടെ പരാമർശം</u>

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> അധികാര കേന്ദ്രങ്ങളോട് അടുത്തു നിൽക്കുന്നവർക്കും സ്വാധീനമുള്ളവർക്കും സർവ്വീസ് ആനുകൂല്യങ്ങൾ

ലഭിക്കുകയും ക്രിമിനൽ പശ്ചാത്തലം ഉള്ളവർക്കും അർഹതപ്പെട്ടവർക്ക് കിട്ടാതെ വരികയും ചെയ്യുന്നതിനെപ്പറ്റി. പരമോന്നത നീതിപീഠം പല പ്രാവശ്യം ഒബ്സർവേഷൻ നടത്തിക്കൊണ്ടിരിക്കുന്നു. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുമ്പോഴും അവർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നത് അനുവദിക്കാൻ പാടില്ല. ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണമുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പോലീസ് സേനയിൽ 25 വർഷത്തോളം വിശിഷ്ട സേവനം പൂർത്തിയാക്കിയ ഉദ്യോഗസ്ഥരാണ് മെറിറ്റോറിയൽ/ഡിസ്റ്റിംഗുഷ്ഡ് സർവ്വീസിനുള്ള അർഹത നേടുന്നത്. ഡി.ജി.പി.യുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി സെലക്ട് ചെയ്യുന്ന ലിസ്റ്റ് ചീഫ് സെക്രട്ടറി, ഹോം സെക്രട്ടറി, ഡി.ജി.പി., വിജിലൻസ് ഡയറക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. ക്രിമിനൽ കേസ്സ്, വിജിലൻസ് കേസ്സ് മറ്റ് അച്ചടക്ക നടപടികളിൽ ഉൾപ്പെട്ടവർ എന്നിവരെ ഒഴിവാക്കിയാണ് മെഡലിന് ശുപാർശ നൽകുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രൊഫോർമയിൽ സർവ്വീസ് സംബന്ധമായ രേഖകളും മറ്റ് ശുപാർശകളോടും കൂടിയാണ് കേന്ദ്രത്തിന് സമർപ്പിക്കുന്നത്. തുടർന്ന് കേന്ദ്ര സർക്കാരിന് മാത്രം പ്രാതിനിധ്യമുള്ള ഉദ്യോഗസ്ഥരുടെ കമ്മിറ്റി പരിശോധിച്ച് ഐ.ബി (ഇന്റലിജൻസ് ബ്യൂറോ), സി.ബി.ഐ. തുടങ്ങിയവയുടെ അന്വേഷണത്തിനുശേഷമാണ് തീരുമാനമെടുക്കുന്നത്. ഹൈക്കോടതി പരാമർശത്തെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്ത് വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII-വ്യവസായങ്ങൾ (232,51,23,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL-തുറമുഖങ്ങൾ (44,78,50,000 രൂപ)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോർജ് മേഴ്സിയർ, കെ.സി.വേണുഗോപാൽ, ബി. ബാബു പ്രസാദ്, എൻ. ശക്തൻ, വി.ഡി. സതീശൻ, കെ. ബാബു, എം.എ. വാഹീദ്, സി.പി. മുഹമ്മദ്, ടി.എൻ. പ്രതാപൻ, അടൂർ പ്രകാശ്, തേറമ്പിൽ രാമകൃഷ്ണൻ, കെ. അച്ചുതൻ, കെ.സി. ജോസഫ്, എം. മുരളി, ആര്യാടൻ മുഹമ്മദ്, തോമസ് ചാണ്ടി, ജോസഫ് എം. പുതുശ്ശേരി, എം. ഉമ്മർ, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.മുഹമ്മദുണ്ണി ഹാജി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായ രംഗത്തും തുറമുഖ രംഗത്തും ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. പ്രഖ്യാപനങ്ങളല്ലാതെ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. വല്ലാർപാടം പദ്ധതിയുടെ പ്രവർത്തനങ്ങൾ രണ്ടുവർഷമായി അനിശ്ചിതത്വത്തിലാണ്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം അല്പംപോലും മുന്നോട്ടുപോയിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചുവെന്നുള്ളത് വ്യക്തമാക്കണം. യു.ഡി.എഫ്. ഭരണകാലത്ത് കമ്പനികളുടെ റീ-സ്ട്രക്ച്ചറിംഗ് നടത്തിയിരുന്നതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ കാലത്ത് അവ ലാഭത്തിലാകുന്ന സാഹചര്യമുണ്ടായത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് എ.ജി.-യുടെ റിപ്പോർട്ടിലും ബി.പി.ഇ. റിപ്പോർട്ടിലും ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള റിവ്യൂ റിപ്പോർട്ടിലും കണക്കുകൾ വ്യത്യസ്തമാണ്. യു.ഡി.എഫ്.-ന്റെ 5 കൊല്ലത്തെ ഭരണത്തിനിടയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 302 കോടി രൂപ കൊടുത്തുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുവർഷംകൊണ്ട് 101

കോടി രൂപ മാത്രമാണ് കൊടുത്തിട്ടുള്ളത്. ബഡ്ജറ്ററി അലോക്കേഷനും വളർച്ചാ നിരക്കും കുറഞ്ഞുപോയിരിക്കുന്നു. ഈ രംഗത്ത് കാര്യമായ നിക്ഷേപം നടക്കുന്നില്ല. സ്പെഷ്യൽ ഇക്കണോമിക് സോണിന്റെ കാര്യത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. തിരുവേപ്പതി മിൽസ് നായനാർ സ്മാരകമാക്കി മാറ്റിയതും, കെൽട്രോൺ കൗണ്ടേഴ്സ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റിയതും, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ് കോളേജാക്കി മാറ്റിയതുമൊക്കെയാണ് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളായി എടുത്തു കാണിക്കുന്നത്. കൈത്തറി വ്യവസായത്തെ രക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന പദ്ധതി പരാജയമായിരുന്നു. പരമ്പരാഗത വ്യവസായങ്ങളേയും ചെറുകിട വ്യവസായങ്ങളേയും പ്രോൽസാഹിപ്പിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തു കൊണ്ടുവന്ന ക്ലസ്റ്റർ പദ്ധതി അട്ടിമറിക്കപ്പെട്ടു. എച്ച്.എം.ടി. ഭൂമിയിടപാടിൽ സുതാര്യത ഉറപ്പുവരുത്തണം. കെ.എം.എം.എൽ.-ന്റെ ലാഭം കുറഞ്ഞു. സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾ സംയോജിപ്പിക്കുമെന്നു പറഞ്ഞിട്ട് കിൻഫ്രക്ക് സമാനമായ ഇൻകെൽ (Infrastructures (Kerala) Limited) ആരംഭിക്കുകയാണ് ചെയ്തിരിക്കുന്നത്. ബയോടെക്നോളജി പാർക്ക്, കിൻഫ്ര, ഇൻകെൽ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. പുതുതായി വ്യവസായങ്ങൾ തുടങ്ങാൻ സ്ഥലം കണ്ടെത്തുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു.

ശ്രീ. ബി. രാഘവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായത്തിന്റെ വളർച്ചയും തൊഴിലാളികളുടെ സുരക്ഷയും ഉറപ്പു വരുത്തുന്ന സാമ്പത്തിക നയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു

വ്യവസായ നയം പ്രഖ്യാപിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞു. സ്വദേശി നിക്ഷേപകരേയും വിദേശി നിക്ഷേപകരേയും കേരളത്തിലേയ്ക്ക് ആകർഷിക്കാനും അംഗീകരിക്കാനും കഴിയുന്ന തരത്തിൽ വ്യാവസായിക രംഗത്ത് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു. . കാര്യക്ഷമതയുള്ള മാനേജുമെന്റ്, വിദഗ്ദ്ധരായ തൊഴിലാളികളുടെ സേവനം, ആധുനികവൽക്കരണം, ഉല്പാദനശേഷി വർദ്ധിപ്പിക്കൽ, കൃത്യമായ അവലോകനം എന്നിവ വഴി പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു.ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കണം. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടു വരാനും അടഞ്ഞു കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളെ തുറന്നു പ്രവർത്തിപ്പിക്കാനും കഴിഞ്ഞു. ടെൽക്ക് ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെക്കൊണ്ട് വാങ്ങിപ്പിക്കാൻ നടപടി സ്വീകരിച്ചു. കൊല്ലം മീറ്റർ കമ്പനിയുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ചു. കെൽ, സിറാമിക്സ് ലിമിറ്റഡ്, കെ.എം.എം.എൽ, ആട്ടോകാസ്റ്റ് ലിമിറ്റഡ്, ഹൈ-ടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കശുവണ്ടി ഫാക്ടറികൾ തുടങ്ങിയവ ഉൾപ്പെടെ ലാഭകരമായി പ്രവർത്തിപ്പിക്കാനാവശ്യമായ നിലപാടുകൾ സ്വീകരിച്ചു. കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിറുത്താനും ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് തുറന്നു പ്രവർത്തിപ്പിക്കാനും ഇൻഫോപാർക്ക് വിപുലീകരിക്കാനും പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു. കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാനും കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കാനും വിപുലമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ രണ്ട് വർഷത്തെ ഭരണം കൊണ്ട് വ്യവസായ വകുപ്പ് പുറകോട്ട് പോയിരിക്കുകയാണ്. കോടിക്കണക്കിന് രൂപ മുതൽ മുടക്കിയുള്ള വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് ഒരുപാട് പ്രഖ്യാപനങ്ങളുണ്ടായെങ്കിലും പുതിയ സംരംഭങ്ങൾക്കൊന്നും തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല. ശോഭാ ഹൈടെക് സിറ്റിയുടേയും സ്മാർട്ട് സിറ്റിയുടേയും കരാർ ഒപ്പുവയ്ക്കൽ കഴിഞ്ഞിട്ടില്ല. വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസിൽ എത്തേണ്ട സ്പെഷ്യൽ എക്കണോമിക് സോണുമായി ബന്ധപ്പെട്ട 18 അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിലാണ്. സ്മാർട്ട് സിറ്റിയെ സ്പെഷ്യൽ ഇക്കണോമിക് സോണിൽ ഉൾപ്പെടുത്താൻ വേണ്ടിയുള്ള ശ്രമം വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം പരാജയപ്പെട്ടിരിക്കുന്നു. എൽ.എൻ.ജി, പെട്രോ കെമിക്കൽ കോംപ്ളക്സ്,. ശോഭാ ഗ്രൂപ്പ് പ്രോജക്ട് ഇവയൊക്കെ പക്ഷാപാതം പിടിച്ച നിലയിലാണ്. വയനാട്ടിലെ മെഗാ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, കൊച്ചിയിലെ ബയോടെക്നോളജി പാർക്ക് ഇടുക്കിയിലെ സ്പൈസസ് പാർക്ക് ഇവയൊന്നും ആരംഭിക്കാൻ സാധിച്ചിട്ടില്ല. വ്യവസായ നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. ടൈറ്റാനിയം പ്രോഡക്ട്സ്, എഫ്.എ.സി.ടി, കെൽ തുടങ്ങിയ സ്ഥാപനങ്ങളൊക്കെ പ്രതിസന്ധിയിലാണ്. ആലപ്പുഴയിലെ സ്കൂട്ടേഴ്സ് ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനം എഞ്ചിനീയറിംഗ് കോളേജാക്കി മാറ്റിയിരിക്കുന്നു. നവീകരണത്തിന്റെ പേരിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്ന പ്രവണതയാണ് നടക്കുന്നത്. 25 ശതമാനം പവർകട്ടിന് പുറമെ വ്യവസായങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് രണ്ട്

രൂപ വീതം സർച്ചാർജ്ജും ചുമത്തിയിരിക്കുന്നു. ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാനും കേരളത്തിന്റെ മൽസ്യ സമ്പത്ത് ശരിയായി വിനിയോഗിക്കത്തക്ക രീതിയിൽ ഫിഷ് പ്രോസസ്സിംഗ് യൂണിറ്റുകൾ ഉണ്ടാക്കാനും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 400 ഏക്കറോളം ഭൂമി വ്യവസായ രംഗത്ത് വിനിയോഗിക്കാനും പരമ്പരാഗത വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ബാബു പോൾ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യാവസായിക മേഖലയിൽ പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകി വ്യവസായ രംഗത്തെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വ്യാവസായിക രംഗത്ത് സൗഹൃദ അന്തരീക്ഷമുണ്ടാക്കാനും നിക്ഷേപകരെ ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്. കൊച്ചിയിലെ ശോഭാ ഗ്രൂപ്പ് പ്രോജക്ട് ഹൈടെക് സിറ്റിയാക്കുന്നതുവഴി 75000 പേർക്ക് തൊഴിൽ ലഭിക്കും. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും കൂടുതൽ മെച്ചപ്പെടുത്താനും കഴിയുന്ന തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. രണ്ട് വർഷത്തിനുള്ളിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 42 വ്യവസായ സ്ഥാപനങ്ങളിൽ 27 വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. മുൻഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചു. തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഉണ്ടാക്കുന്ന മീറ്ററുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരുന്ന

ടെൽക്, ട്രാക്കോ കേബിൾസ് എന്നിവയെ വളർച്ചയുടെ പാതയിലേയ്ക്ക് കൊണ്ടുവരാനും വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപം കൊണ്ടുവരാനുമുള്ള നടപടി സ്വീകരിച്ചു. ആട്ടോകാസ്റ്റും റെയിൽവേയുമായി ബന്ധപ്പെട്ട് ബോഗി നിർമ്മാണ യൂണിറ്റ് ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത മേഖല പുനരുദ്ധരിക്കാൻ ബഡ്ജറ്റിൽ വിഹിതം നീക്കിവയ്ക്കാൻ നടപടി സ്വീകരിച്ചു. കയർസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പാക്കേജ് നടപ്പിലാക്കാനും കൈത്തറി മേഖലയിൽ റിബേറ്റ് ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർക്കാനും ചെറുകിട വ്യവസായം പ്രോൽസാഹിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. വർഷങ്ങൾക്ക് മുൻപ് നിലവിലുണ്ടായിരുന്ന മാർജിൻ മണി കുടിശ്ശിക ഒറ്റത്തവണ പദ്ധതിയിലൂടെ കൊടുത്തുതീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിനെയും ടെക്സ്റ്റയിൽ മേഖലയേയും പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പതിനായിരം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് ഗവൺമെന്റിന് വാക്കുപാലിക്കാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപം നേടുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം ദയനീയമാണെന്നാണ് കേന്ദ്ര മന്ത്രാലയം സൂചിപ്പിക്കുന്നത്. വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുന്നില്ല. പൂട്ടിക്കിടന്ന ടെസിൽ (Travancore Electro Chemical Industries Limited) കമ്പനി

തുറന്ന് ഒന്നര വർഷമായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വ്യാവസായിക വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 'കിൻഫ്ര' നിലനിൽക്കുമ്പോൾ 'ഇൻകെൽ' എന്ന പുതിയ ഒരു കമ്പനി ആരം ഭിച്ചതിലെ ഔചിത്യം പരിശോധിക്കണം. എച്ച്.എം.ടി. ഭൂമി ബ്ളൂ സ്റ്റാർ റിയൽറ്റേഴ്സ് എന്ന സ്വകാര്യ സ്ഥാപനത്തിന് വിറ്റതുവഴി വ്യവസായവത്കര ണത്തിൽ മാഫിയ പ്രവർത്തനമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ : ധനാഭ്യർത്ഥനകളെ അനുകൂലി ക്കുന്നു. വ്യവസായ മേഖലയെ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയുമെന്നതി നെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സമ്പദ് വ്യവസ്ഥയുടെ വളർച്ച യ്ക്കനുസരിച്ച് ഏത് മേഖലയിലാണ് വളർച്ച വേണ്ടതെന്ന് പഠിച്ച് ഒരു ഗ്രീൻ ആന്റ് സസ്റ്റെയ്നബിൾ ഡെവലപ്മെന്റ് സ്റ്റേറ്റ് ആയി കേരളത്തെ മാറ്റിയെ ടുക്കണം. ഹെൽത്ത് ടൂറിസം, ബയോടെക്നോളജി, ഐ.ടി., ബാങ്കിംഗ്, ഫിനാൻഷ്യൽ സെക്ടർ, ഫുഡ് പ്രോസസ്സിംഗ്, ലൈറ്റ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ഹെൽത്ത് കെയർ, കൺസ്ട്രക്ഷൻ എന്നീ മേഖലകൾക്ക് കൂടുതൽ പ്രാമുഖ്യം കൊടുക്കണം. ബയോടെക്നോളജി രംഗത്ത് ബയോഫാർമ, അഗ്രി ബയോട്ടിക്സ്, ബയോ ഇൻഫർമാറ്റിക്സ്, ബയോഇൻഡസ്ട്രീസ്, ബയോ സർവ്വീസസ് എന്നീ മേഖലകളിൽ അതിവിപുലമായ സാധ്യതകളാണ് ഉള്ളത്. ഇലക്ട്രോണിക്സും അനുബന്ധ മേഖലകളും എങ്ങനെ വളർത്തിയെടുക്കാൻ കഴിയുമെന്ന് ആലോചിക്കണം. ടെക്നോളജിയുടെ ദ്രുതഗതിയിലുള്ള വളർച്ച മുന്നിൽകണ്ട്, നിലവിലുള്ള ശൈലിയിൽ മാറ്റംവരുത്തി, മേഖലാടിസ്ഥാനത്തിൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് വ്യക്തമായ ധാരണയോടുകൂടി കെൽട്രോണിന്റെ

പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം. ടെക്നോളജി രംഗത്ത് ഉണ്ടായി ക്കൊണ്ടിരിക്കുന്ന വിപ്ളവകരമായ മാറ്റത്തെത്തുടർന്ന് ഇന്റർനെറ്റ്, ബാങ്കിംഗ് തുടങ്ങിയ മേഖലകൾ മൊബൈൽ ഫോണിലൂടെ കൺവെർജ് ചെയ്യാൻ പോകുകയാണ്. ഏറ്റവും കൂടുതൽ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി കാര്യക്ഷമതയുള്ള പ്രൊഫഷണലുകളെ നിയമിച്ച് അവയെ മാതൃകാ സ്ഥാപ നങ്ങളാക്കി മാറ്റാൻ ശ്രമിക്കണം. പരമ്പരാഗത മേഖലയിൽ ടെക്നോളജി അപ്ഗ്രേഡ് ചെയ്യുന്നതിലും ആധുനികവത്കരിക്കുന്നതിലും വളരെ പുറകിലാണ്. മാർക്കറ്റ് ലിങ്കേജ് തീരെയില്ല. വർക്കിംഗ് കാപ്പിറ്റലിന്റെ കുറവു മുണ്ട്. ഉത്പന്നങ്ങളുടെ കാര്യത്തിൽ വൈവിധ്യവത്കരണം, വാല്യൂ ആഡഡ് പ്രോഡക്ട്സ് എന്നീ മേഖലകളിൽ വേണ്ടരീതിയിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ടുള്ള വികസന സാദ്ധ്യതകളെ ക്കുറിച്ച് ആലോചിക്കണം. ഹാൻഡ്ലൂമിന്റെ വികസന സാധ്യതകൾ മനസ്സിലാക്കി വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോയാൽ വളർച്ച കൈവരിക്കാൻ സാധിക്കും. സംസ്ഥാനം ഇൻവെസ്റ്റ്മെന്റ് ക്ളൈമറ്റിന്റെ കാര്യത്തിൽ കൂടുതൽ മെച്ചപ്പെടാനുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന തിനുള്ള കാലദൈർഘ്യം കുറയ്ക്കണം. ഹർത്താലുകൾകൊണ്ട് എന്ത് നേട്ടമാണുണ്ടാകുന്നതെന്ന് ഗൗരവമായി ചിന്തിക്കണം. മലബാർ മേഖലയിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം. പ്രോഗ്രസ്സ് മനസ്സിലാക്കി പ്രവർത്തിച്ചുകഴിഞ്ഞാൽ വ്യാവസായികമായി വളരെയധികം മുന്നോട്ടു പോകാൻ സാധിക്കും. വ്യവസായ മേഖലയിൽ സ്കിൽ ഡവലപ്മെന്റ്, എഡ്യൂക്കേഷണൽ ക്വാളിറ്റി, പ്രാക്ടിക്കൽ ഓറിയന്റേഷൻ, ഇന്റർ ഇൻസ്റ്റിറ്റ്യൂട്ട് ലിങ്കേജ് തുടങ്ങിയവ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

<u>ശ്രീ.പി.ജെ. ജോസഫ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഗ്രോ പ്രോസസ്സിംഗ് പ്രധാന മേഖലയായി വളർത്തിയെടുക്കണം. പച്ചതേങ്ങ യിൽനിന്ന് വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മിക്കുന്നതിന് മുന്നോട്ടുവരുന്ന സംരംഭകർക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകണം. അടിസ്ഥാന സൗക ര്യങ്ങൾ ഒരുക്കിക്കൊടുത്ത് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ കയറ്റുമതി ചെയ്യാൻ കഴിയണം. ഹൈടെക് ഹോസ്പിറ്റൽ തുടങ്ങാൻ മുന്നോട്ടുവരുന്നവർക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കണം. കുടിവെള്ളം കുപ്പിയി ലാക്കി വിതരണം ചെയ്യുന്നതിനുപുറമെ വൻതോതിൽ ടാപ്പ് ചെയ്യാനുള്ള സാ ധ്യതകൾ മനസ്സിലാക്കി കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതികൂടി ആവി ഷ്ക്കരിക്കണം. കേരളത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി വ്യവസായ മേഖ ലയെ മുന്നോട്ടുകൊണ്ടുപോകണം. ഐ.ടി. രംഗത്ത് വലിയ പുരോഗതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കഴിയുന്നത്ര മേഖലകളിൽ സ്പെഷ്യൽ ഇക്കണോമിക് സോണുകൾ തുടങ്ങ ണം. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ആകർഷിക്കുന്നതിന് നടപടി സ്വീക രിക്കണം. ലാൻഡ് അക്വിസിഷൻ നടപടികളുടെ വേഗത കൂട്ടണം. ഇടുക്കി യിലെ സ്പൈസസ് പാർക്കിന്റെ നിർമ്മാണം വേഗതയിലാക്കണം. പഴവർഗ്ഗ ങ്ങൾ സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തണം.

<u>ശ്രീ. എ.എ. അസീസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ ഇടപെടലും ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയുംമൂലം നഷ്ട ത്തിലായിരുന്ന 27 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ പ്രവർത്തി പ്പിക്കാൻ കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വകാര്യവത്കരി ക്കാൻ ശ്രമിച്ച പല പൊതുമേഖലാ സ്ഥാപനങ്ങളും തുറന്നുപ്രവർത്തിപ്പി ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ആഗോളവൽക്കരണ നയത്തിന്റെ

അടിസ്ഥാനത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നയങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കിടയിലാണ് ഈ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ നടപടി സ്വീകരിച്ചത്.

ശ്രീ. എം.എം. മോനായി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷമായി വ്യവസായരംഗത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തുന്ന ഇടപെടലുകൾ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ മേധാവികളെ വിളിച്ച് വ്യവസായ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കേണ്ടത്. വ്യവസായ വളർച്ചാ നിരക്ക് കേന്ദ്രത്തിൽ കുത്തനെ താഴ്ന്നി രിക്കുന്നു. രാജ്യത്തിന്റെ പണപ്പെരുപ്പവും ജനങ്ങളുടെ പ്രയാസങ്ങളും കണക്കിലെടുക്കാതെ അധികാരം പിടിച്ചെടുക്കാനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ നടത്തുന്നത്. വിഭവ ദാരിദ്ര്യത്തിൽ മുങ്ങിത്താഴുന്ന കേരളത്തെ വ്യവസായവൽക്കരിക്കുക എന്ന ലക്ഷ്യവുമായാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. വ്യവസായ അനുകൂല സംസ്ഥാനമെന്ന പ്രതിച്ഛായ കേരളത്തിനകത്തും പുറത്തും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ സമാധാനവും നിക്ഷേപ പ്രോൽസാഹനമെന്ന കാഴ്ചപ്പാട് സൃഷ്ടിക്കുകയും വ്യവസായ സൗഹൃദാന്തരീക്ഷം പുലർത്തു കയും ചെയ്തു. ദേശീയ സർവ്വേയിൽ സംസ്ഥാനത്തെ വ്യവസായങ്ങളുടെ പ്രിയനാടായി മാറ്റാൻ ഈ സർക്കാരിന് കഴിഞ്ഞു. യു.ഡി.എഫ്. ഭരണ കാലത്ത് നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി മാറ്റുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 61 കോടി

രൂപയുടെ നഷ്ടമുണ്ടായ സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 കമ്പനികൾ ലാഭകരമാക്കിമാറ്റാൻ കഴിഞ്ഞു. പൂട്ടിയ മലബാർ സ്പിന്നിംഗ് മിൽ തുറന്നുപ്രവർത്തിപ്പിക്കാനും ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കാനും സാധിച്ചിട്ടുണ്ട്. വ്യവസായരംഗത്തെ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കി. സർക്കാരിന്റെ തുടർച്ചയായ മേൽനോട്ടവും തൊഴിലാളികളുടെ വർദ്ധിച്ച സഹകരണവും നിമിത്തം അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ഒരുപരിധിവരെ സാധിച്ചിട്ടുണ്ട്. കൈത്തറി മേഖല യിൽ വർഷങ്ങളായുണ്ടായിരുന്ന റിബേറ്റ് കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് നടപടി സ്വീകരിച്ചു. ഖാദി വ്യവസായം ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി അവർക്ക് ഇൻസെന്റീവ് അനുവദിച്ചു. ഈ സർക്കാർ വന്നതിനുശേഷം കയർ മേഖലയിൽ ഒട്ടനവധി പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി. എഫ്. സർക്കാരിന്റെ കാലത്തെ ഉദ്യോഗസ്ഥർ തന്നെ വ്യവസായ വകുപ്പിൽ തുടരുന്നതു കാണുമ്പോൾ ഗവൺമെന്റ് ഒരു തുടർച്ചയാണെന്ന് മനസ്സിലാ ക്കാൻ സാധിക്കും. ഗവൺമെന്റ് നടപടികളെക്കുറിച്ച് ആരെങ്കിലും അഭിപ്രായമോ പരാതിയോ പറഞ്ഞാൽ അത് രാഷ്ട്രീയവൽക്കരിക്കാതെ സത്യം കണ്ടെത്തി പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. വ്യവസായ മേഖലയെക്കുറിച്ച് പറയുന്ന കാര്യങ്ങൾ ആ കാഴ്ചപ്പാടോടുകൂടിത്തന്നെ കാണാൻ സാധിക്കണം. പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപന ങ്ങളെ പുനരുദ്ധരിക്കാൻ ആവശ്യമായ ശ്രമങ്ങളുണ്ടാകണം. ട്രാവൻകൂർ റയോൺസിന്റെ 73 ഏക്കർ ഭൂമിയുടെ വില പോലും ശരിക്ക് കണക്കാക്കാതെ 1117 തൊഴിലാളികളുള്ള ആ സ്ഥാപനം ഒരു സ്വകാര്യ വ്യക്തിക്ക് വിൽക്കാൻ

തീരുമാനിച്ചത് ശരിയായ നടപടിയല്ല. 11,40,00,000 രൂപ വില വരുന്ന അവിടെ യുള്ള ഉപകരണങ്ങൾ കേവലം 2,20,00,000 രൂപയ്ക്ക് വിറ്റിരിക്കുകയാണ്. ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിന് കരാർ കൊടുത്തതിൽ സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചു.

ശ്രീ. സി.എം. ദിനേശ്മണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വകാര്യ-സഹകരണ സ്ഥാപനങ്ങളുടെയും കാര്യത്തിൽ ദിശാബോധത്തോടെയുള്ള സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. നിക്ഷേപകരെ ആകർഷിപ്പിച്ച് നിക്ഷേപത്തിനനുയോജ്യമായ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാൻ ഭാവനാപൂർണ്ണമായ നിലപാട് കൈക്കൊണ്ടു. യു.ഡി.എഫ്. ഭരണകാലത്ത് ബാധ്യതയായി മാറിയ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചു. 27 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലായിരുന്ന ടെൽക് എൻ.ടി.പി.സി.-യുമായി ടൈ-അപ് ഉണ്ടാക്കി ലാഭത്തിലാക്കി. അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ പല പൊതുമേഖലാ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിച്ചു. പെരുമ്പാവൂർ റയോൺസിനെ സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. എഫ്.എ.സി.റ്റി. കൊച്ചി ഡിവിഷനിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തണം. വിവിധ സ്വകാര്യ സംഘടനകൾക്ക് പാട്ടത്തിന് കൊടുത്ത എഫ്.എ.സി.റ്റി.യുടെ ഉദ്യോഗമണ്ഡലിലെയും കൊച്ചി ഡിവിഷനിലെയും ഭൂമി തിരിച്ചെടുക്കണം. സ്വകാര്യ വ്യവസായ മേഖലയിൽ 5000 കോടി രൂപയുടെ നിക്ഷേപത്തിന്

തയ്യാറായ ശോഭ ഹൈടെക്ക് ഗ്രൂപ്പ് ഇൻഡസ്ട്രീസിന് അർഹമായ പ്രോൽസാഹനം നൽകണം. ഐ.ടി, ബയോടെക്നോളജി, നാനോ ടെക്നോളജി, ഭക്ഷ്യോൽപ്പാദനം, ടെക്സ്റ്റൈൽ തുടങ്ങിയ മേഖലകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പരിപാടി ആവിഷ്ക്കരിച്ച് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കരകൗശല/കളിമൺ വ്യവസായ മേഖലയിൽ കടന്നുകയറാനുള്ള ബഹുരാഷ്ട്ര കുത്തകകളുടെ ശ്രമങ്ങളെ പ്രതിരോധിച്ച് ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ സംരക്ഷണം ഉറപ്പു വരുത്തണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഈ ഗവണ്മെന്റ് ലാഭത്തിലാക്കി. സംസ്ഥാനത്ത് വ്യവസായങ്ങൾ തുടങ്ങണമെങ്കിൽ വൈദ്യുതി, ഭൂമി തുടങ്ങിയ അടിസ്ഥാനപരമായ ഘടകങ്ങൾ ആവശ്യമാണ്. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കണം. ഭൂമിയെ സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ കൈവശമുള്ള രേഖകൾ വളരെ പഴക്കം ചെന്നതാണ്. ഇതിൽ വലിയ മാറ്റം ഇപ്പോൾ വന്നിട്ടുണ്ട്. ഈ സാചര്യത്തിൽ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ വ്യവസായങ്ങൾക്കനുയോജ്യമായ ഭൂമി കണ്ടെത്തണം. വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതും പ്രാവർത്തികമാക്കാൻ സാധിക്കുന്നതുമായ നിയമങ്ങൾ നടപ്പാക്കണം.. സ്പെഷ്യൽ ഇക്കണോമിക് സോൺ ആയി പ്രഖ്യാപിക്കാൻ നൽകിയ അപേക്ഷകളിൽ അടിയന്തിര തീരുമാനം എടുക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതികൂലമായ ദേശീയ സാഹചര്യത്തിലും ആശാവഹമായ ചില കാര്യങ്ങളാണ് വ്യാവസായിക മേഖലയിൽ സ്വീകരിച്ചിട്ടുള്ളത്. കോൺഗ്രസ് ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള മുതലാളിത്ത വ്യവസ്ഥിതിയാണ് നമ്മുടെ രാജ്യത്തിന്റെ എല്ലാ ബുദ്ധിമുട്ടുകൾക്കും കാരണമായിട്ടുള്ളത്. ശരിയായ പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തോടെയാണ് വ്യാവസായിക രംഗത്ത് മാറ്റമുണ്ടാക്കിയിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങളെ വിൽക്കാൻ യു.ഡി.എഫ്. നിയോഗിച്ച കമ്മിറ്റിയെ പിരിച്ചുവിട്ടുകൊണ്ട് പൊതുമേഖലയെ സംരക്ഷിക്കാനാവശ്യമായ പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത് മാനേജ്മെന്റുകളെ വിളിച്ച് ചർച്ച നടത്തി ദീർഘകാലമായി പൂട്ടിക്കിടന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. 2005-06-ൽ 12 പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിലായിരുന്നതെങ്കിൽ 2007-08-ൽ 27 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചു. മുൻ ഗവൺമെന്റിന്റെ കാലത്ത് 69 കോടി രൂപ നഷ്ടത്തിലായിരുന്ന 15 പൊതുമേഖലാസ്ഥാപനങ്ങളെ 91 കോടി രൂപയിലേറെ ലാഭത്തിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ട്രാൻസ്ഫോർമർ ഉൽപ്പാദിപ്പിക്കുന്ന ടെൽക് എൻ.ടി.പി.സി.-യുമായി സംയുക്ത സംരംഭമുണ്ടാക്കി. കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് നവരത്ന കമ്പനിയായ സെയിലുമായി ബന്ധപ്പെട്ടുകൊണ്ട് സെയിലിനുകൂടി

ഗുണകരമായ രീതിയിൽ പുതിയ കരാർ ഉണ്ടാക്കിയിരിക്കുകയാണ്. ആലപ്പുഴയിലെ സിൽക്ക് റെയിൽവേയുമായി ചേർന്ന് പുതിയ ബോഗി നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ പോകുകയാണ്. കെൽടെക് ഇപ്പോൾ ബ്രഹ്മോസ് ആയി മാറിയിരിക്കുകയാണ്. ആണവകരാറിനെതിരെ പൊതുവായ സമീപനമുണ്ടാകണം. പൊതുമേഖലയെ സംരക്ഷിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള ബദൽ സംവിധാനവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വി.ആർ.എസ്., ഒ.ടി.എസ്., പ്രവർത്തന മൂലധനം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായാണ് ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായത്. നിയമസഭയിൽ സമർപ്പിക്കപ്പെട്ട സി.ആന്റ് എ.ജി. റിപ്പോർട്ടിലെ കണക്കുകളും ബി.പി.ഇ. പ്രസിദ്ധീകരിച്ച കണക്കുകളും മന്ത്രി നൽകിയ കണക്കുകളും തമ്മിൽ വലിയ വ്യത്യാസം വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. സ്ക്കൂട്ടേഴ്സ് കേരള ലിമിറ്റഡ് പൂർണ്ണമായി പ്രവർത്തനം നിറുത്തലാക്കുകയും ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജ് നടത്തുകയുമാണ്. ടി.ടി.പി. ലാഭത്തിലാണ് എന്ന് മന്ത്രി പറയുമ്പോൾ പുതിയ എം.ഡി. നഷ്ടത്തിന്റെ കണക്കുകളാണ് പറയുന്നത്. കഴിഞ്ഞ മൂന്ന് മാസമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ഉൽപാദനം നിറുത്തിവച്ചിരിക്കുകയാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചു. അവിടെ 2008 ഡിസംബർ 25-നകം പൊല്യൂഷൻ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാക്കണമെന്ന് സുപ്രീം കോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ചിരുന്ന കാലാവധി

അവസാനിക്കാൻ പോവുകയാണ്. ഇപ്പോൾ പ്ലാന്റ് എക്സ്പാൻഷൻ കൂടിചേർത്ത് മെക്കോൺ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ ഏൽപിച്ചുകൊണ്ട് നവീകരണ പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. കെ.എം.എം.എൽ.-ന്റെ എക്സ്പാൻഷൻ ജോലികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അട്ടിമറിച്ച് റോസോബറോൺ എന്ന റഷ്യൻ കമ്പനിയുമായി ധാരണയിലെത്തി. കേരളത്തിലെ ധാതുമണൽ സമ്പത്ത് മുഴുവൻ ലോകത്തെ ഏറ്റലും വലിയ സ്വകാര്യ കുത്തക കമ്പനിക്ക് തീറെഴുതാൻ വേണ്ടി കരാറൊപ്പിട്ടിരിക്കുകയാണ്. ഇൻഡ്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ക്കരിച്ചെടുക്കാൻ കഴിയുമായിരുന്ന കരിമണൽ റോസോബറോൺ കമ്പനിയെ മുന്നിൽ നിർത്തിക്കൊണ്ട് അവിസ്മാ കോർപ്പറേഷൻ എന്ന റഷ്യൻ കമ്പനിക്ക് കൊടുക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. കെ.എം.എം.എൽ. ടൈറ്റാനിയം ഡയോക്സൈഡ് മാത്രമേ ഉൽപാദിപ്പിക്കുന്നുള്ളൂ എന്നുള്ളതുകൊണ്ടാണ് അതിന്റെ എക്സ്പാൻഷൻ മെക്കോൺ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ എൽപ്പിച്ച് നവീകരണ പ്രക്രിയ ആരംഭിച്ചത്. ഈ ഗവൺമെന്റ് അത് വേണ്ടെന്നുവച്ചശേഷം റോസോബറോൺ കമ്പനിയുമായി കരാറൊപ്പിട്ടു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വ്യാവസായികരംഗത്ത് പുരോഗതിനേടാൻ കഴിഞ്ഞിട്ടുണ്ട്. വിപണനരംഗത്ത് കേരളം ഒന്നാംസ്ഥാനത്താണ്. വൻകിട കമ്പനികൾ അവരുടെ ഉൽപ്പന്നങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് വിപണനം നടത്തുന്നു. ഈ സാദ്ധ്യത ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വ്യവസായ വകുപ്പിന് കഴിയണം. കഴിഞ്ഞ രണ്ടുവർഷത്തെ ഭരണംകൊണ്ട്

പൊതുമേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകി അവയെ കാര്യക്ഷമമാക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ കേരളത്തിന്റെ സമ്പദ്വ്യസ്ഥയുടെ നട്ടെല്ലായി മാറ്റാൻ കഴിയണം. നാടിന്റെ സമ്പദ്വ്യവസ്ഥ സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാകരുത്. പൊതുമേഖലയെ ശക്തിപ്പെടുത്തിയതിലൂടെ ഈ രംഗത്ത് 91 കോടി രൂപയുടെ ലാഭം കൈവരിക്കാൻ സാധിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലയിലെ പല വ്യവസായ സ്ഥാപനങ്ങളേയും ലാഭത്തിലാക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ലോകത്തിനു മാതൃകയാകത്തക്ക വിധം മാനേജ്മെന്റിൽ ഉൾപ്പെടെ തൊഴിലാളികളുടെ സഹകരണം ഉറപ്പാക്കി മുന്നോട്ടുപോകാൻ കഴിഞ്ഞു. ഐ.റ്റി., നാനോ ടെക്നോളജി മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. പരിസ്ഥിതിക്ക് അനുയോജ്യമായ വ്യവസായസ്ഥാപനങ്ങൾ ഉണ്ടാകണം. വ്യവസായ ശാലകൾക്ക് അനുയോജ്യമായ ഭൂമി വിലകുറച്ച് ലഭ്യമാക്കുന്നതിനും എക്കോ ഫ്രണ്ട്ലി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. അനാവശ്യമായി സെസ്സ് ഏർപ്പെടുത്തുന്നത് ഒഴിവാക്കണം. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കണം. കൊച്ചി തുറമുഖത്തിന്റെ അവസ്ഥയിലേക്ക് വിഴിഞ്ഞം, ബേപ്പൂർ, വല്ലാർപാടം തുറമുഖങ്ങളെ വളർത്തിയെടുക്കാനാവശ്യമായ മാതൃകാപരമായ പ്രവർത്തനങ്ങളാണ് തുറമുഖ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. എൻ. അനിരുദ്ധൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൊല്ലം-തങ്കശ്ശേരി തുറമുഖ വാർഫിന്റെ വീതികൂട്ടൽ, അപ്രോച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഇവ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

അധികാരത്തിലേറി ഒരു വർഷത്തിനകം വ്യവസായ നയം പ്രഖ്യാപിച്ച ഗവൺമെന്റാണിത്. നിക്ഷേപക സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക, പുനരുദ്ധരിക്കുക, വിപുലീകരിക്കുക എന്ന നയം സ്വീകരിച്ചതുവഴി അടഞ്ഞുകിടന്ന പല വ്യവസായ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കൈത്തറി സംഘങ്ങളെ പുനരുദ്ധരിക്കാൻ കഴിഞ്ഞു. ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയതുൾപ്പെടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് തീവ്രശ്രമം നടത്തിയ ഒരു ഗവൺമെന്റാണിത്. ഈ മേഖലയെ സംരക്ഷിക്കുന്നതിന് കുറച്ചു പ്രവർത്തനങ്ങൾ കൂടി നടത്തേണ്ടതുണ്ട്. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ കഴിനൂൽ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കുന്നതിനും മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടും ട്രേഡ് യൂണിയൻ ആക്ടും അമെന്റ് ചെയ്യണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും പുനരുജ്ജീവിപ്പിക്കാനുള്ള നയമാണ് ഈ സർക്കാർ നടപ്പിലാക്കുന്നത്. രണ്ടുവർഷത്തെ ഭരണം കൊണ്ട് നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയേയും തൊഴിലാളികളേയും സംരക്ഷിക്കുന്ന സമീപനമാണ് ഈ ഗവണ്മെന്റ്

സ്വീകരിക്കുന്നത്. കൈത്തറി, കയർ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ രംഗം പൂർണ്ണതയിലെത്തിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. നാശോന്മുഖമായിക്കൊണ്ടിരുന്ന പരമ്പരാഗത വ്യവസായ മേഖലകൾക്കും ഭാവിയുണ്ടെന്ന ബോധം തൊഴിലാളികൾക്കിടയിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കയർ കയറ്റുമതിയിൽ വർദ്ധനവുണ്ടാക്കിയതുവഴി ടേൺ ഓവർ വർദ്ധിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വാല്യു ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കി മാർക്കറ്റിൽ വിൽക്കുകയും കയറിനോട് കിടപിടിക്കത്തക്ക മറ്റ് ഉൽപ്പന്നങ്ങൾ മിക്സ് ചെയ്ത് എക്സ്പോർട്ട് ചെയ്യുന്നതുകൊണ്ടുമാണ് കയറ്റുമതിയിൽ വർദ്ധനവുണ്ടായത്. തൊഴിൽ നഷ്ടപ്പെടുന്ന പരമ്പരാഗതത്തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണം. ദിനേശ് ബീഡി തൊഴിലാളികളേയും ഈറ്റത്തൊഴിലാളികളേയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എം.എം.എൽ.-നെ പൊതുമേഖലയിൽ നിലനിറുത്തിയത് അഭിവൃദ്ധിക്കിടയാക്കി. 27 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു സ്ഥാപനം പോലും അടച്ചുപൂട്ടിയിട്ടില്ല. പൂട്ടികിടക്കുന്ന സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും പുതിയവ തുടങ്ങാനും നടപടികൾ സ്വീകരിച്ചുവരികയാണ്. ആട്ടോകാസ്റ്റിനെ റെയിൽവേയുമായി സഹകരിപ്പിച്ചുകൊണ്ട് സംയുക്ത സംരംഭമാക്കാനും കെ.എം.എം.എൽ. ഐ.എസ്.ആർ.ഒ.-യുമായി ചേർന്ന് സ്പോഞ്ച് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുമുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ക്ലാസ്സുകൾ ഉടനെ ആരംഭിക്കുവാനും തീരുമാനമായിട്ടുണ്ട്. പാലക്കാട് കിൻഫ്രയുടെ

ആഭിമുഖ്യത്തിൽ ഇന്റഗ്രേറ്റഡ് ടെക്സ്റ്റയിൽസ് പാർക്ക് തുടങ്ങാനുള്ള നടപടി സ്വീകരിച്ചു. വയനാട്ടിൽ മെഗാ ഫുഡ് പാർക്കും ഇടുക്കിയിൽ സ്പൈസസ് പാർക്കും റാന്നിയിൽ റബർ പാർക്കും കുറ്റ്യാടിയിൽ കാർഷികാധിഷ്ഠിത വ്യവസായ പദ്ധതിയും ആരംഭിക്കുന്നത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. 2005-06-ൽ 6.5 ശതമാനമായിരുന്ന വ്യാവസായിക വളർച്ചാ നിരക്ക് 8.2 ശതമാനമായി ഉയർന്നതിനെ കേന്ദ്രവ്യവസായ വകുപ്പുമന്ത്രിതന്നെ അഭിനന്ദിച്ചിട്ടുണ്ട്. കെ.എഫ്.സി., വ്യവസായങ്ങൾക്ക് വായ്പ നൽകിയതുവഴി മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തുന്നത്. കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 32,260 കോടി രൂപ ചെലവിൽ 153500 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന പ്രോജക്ട് ആരംഭിക്കാനുള്ള നടപടി ശ്ലാഘനീയമാണ്. ലിക്വിഡേഷൻ സ്റ്റേജിലായിരുന്ന സിഡ്കോ 12930 യൂണിറ്റുകൾക്കായി 177.16 കോടി രൂപ മാർജിൻ മണി നൽകിയതിന്റെ ഫലമായി ചെറുകിട മേഖലയും സംരക്ഷിക്കപ്പെടുന്നു. ദേശീയമായും സാർവ്വദേശീയമായും വ്യാവസായിക രംഗം തകർച്ചയെ അഭിമുഖീകരിക്കുന്നതിനുകാരണം ആഗോള സാഹചര്യങ്ങളാണ്. ഡീസലിന്റേയും പെട്രോളിന്റേയും റാമെറ്റീരിയൽസിന്റെയും വില വർദ്ധനവ് ഫിനിഷ്ഡ് പ്രോഡക്ട്സ് മാർക്കറ്റിലെത്തുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് വർദ്ധിച്ചതും ഡോളറിന്റെ വിലയിടിഞ്ഞതും വ്യവസായ രംഗത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. കമ്പനികളുടെ കപ്പാസിറ്റി യൂട്ടിലൈസ് ചെയ്യാൻ കഴിയാത്തതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ നിക്ഷേപകർ പണം വിത്ഡ്രോ ചെയ്ത് ഊഹക്കച്ചവടങ്ങളിൽ നിക്ഷേപിക്കുന്നു. ഇതെല്ലാം വ്യവസായ രംഗത്ത് സ്തംഭനാവസ്ഥയ്ക്ക് ഇടയാക്കുന്നു. കേന്ദ്ര സർക്കാരിന്റെ എക്സ്പോർട്ട്

-ഇംപോർട്ട് പോളിസിയിൽ മാറ്റം വരുത്തണം. ടൈറ്റാനിയം ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് തൊഴിലുറപ്പാക്കുന്നതിനും ശ്രമങ്ങൾ നടന്നു വരികയാണ്. രാജ്യം ഇന്ന് സ്വീകരിക്കുന്ന തെറ്റായ സാമ്പത്തിക നയങ്ങളുടെ ദുരന്ത ഫലം തൊഴിലാളികളാണ് അനുഭവിക്കുന്നത്. പി.എഫ്.പലിശയും പോസ്റ്റോഫീസ് ഡെപ്പോസിറ്റിന്റെ പലിശയും വർദ്ധിപ്പിക്കണം. വിലക്കയറ്റവും പണപ്പെരുപ്പവും ആണ് രാജ്യം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികൾ. ആഗോളവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരെ തൊഴിലാളികൾ സംഘടിച്ചിരിക്കുകയാണ്. ആണവക്കരാർവഴി സാമ്രാജ്യത്വ ശക്തികൾക്ക് രാജ്യത്തെ അടിയറ വയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ്.

ശ്രീ.വി.ഡി.സതീശൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ വ്യാവസായിക രംഗത്ത് കാര്യമായ മാറ്റം വരുത്താൻ വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഭൂമിയും പൊതു സമ്പത്തും ഭൂ മാഫിയകൾക്കും സ്വകാര്യ വ്യക്തികൾക്കും കൈമാറാൻ ശ്രമിക്കുകയാണ്. റവന്യൂ ഭൂമി റിയൽ എസ്റ്റേറ്റുകാർക്ക് കൈവശപ്പെടുത്താൻ സർക്കാർ ഒത്താശ ചെയ്തുകൊടുക്കുന്നു. എച്ച്.എം.ടി. ഭൂമി തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കണം. പെരുമ്പാവൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കാൻ എന്ന വ്യാജേന സ്വകാര്യ വ്യക്തിക്ക് കൈമാറിയിരിക്കുകയാണ്. സർക്കാർ വ്യാവസായികാവശ്യത്തിനുവേണ്ടി എറ്റെടുത്ത ഭൂമി സ്വകാര്യ കമ്പനികൾ കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിനുവേണ്ടി റഷ്യയിലെ ആയുധ നിർമ്മാണ കമ്പനിയുമായി സംസ്ഥാന സർക്കാർ എം.ഒ.യു ഒപ്പിട്ടിരിക്കുന്നു. ലേറ്റസ്റ്റ് ടെക്നോളജി ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ടൈറ്റാനിയം സ്പോഞ്ച് നിർമ്മിക്കുന്ന

കമ്പനികളിൽ നിന്ന് ആഗോള ടെണ്ടറും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റും ക്ഷണിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. കരിമണൽ ഖനനം ചെയ്ത് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കണം. സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനത്തിനൊന്നും സെസ് പദവി ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രൊഫഷണൽ മാനേജുമെന്റ് കേഡർ സംസ്ഥാനത്തെ പബ്ലിക് സെക്ടറിലുണ്ടാകണം. പബ്ലിക് സെക്ടറിൽ ക്യാപിറ്റൽ ഇൻവെസ്റ്റു മെന്റും ബഡ്ജറ്റ് അലോക്കേഷനും കുറഞ്ഞിരിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): വ്യവസായ വകുപ്പിനെ സംബന്ധിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വളരെ ഗൗരവത്തോടുകൂടി സർക്കാർ പരിഗണിക്കുന്നതാണ്. വിമർശനാത്മ കവും ക്രിയാത്മകവുമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ ഗവൺമെന്റിന് മടിയില്ല. കഴിഞ്ഞ രണ്ടുവർഷക്കാലം വ്യവസായ മേഖലയിൽ അഭിമാനക രമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത മൂന്നുവർഷത്തി നുള്ളിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ മാനുഫാക്ചറിംഗ് യൂണിറ്റുകളേയും ലാഭത്തിലാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 2008-09-ൽ പബ്ലിക് സെക്ടറിൽ 180 കോടി രൂപയുടെ ലാഭം നേടാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കെൽട്രോണിനെ മികച്ച ഇലക്ട്രോണിക് വ്യവസായ മാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എം. എൽ.-ന് 100 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാനുള്ള അനുമതി നൽകുകയാണ്. ഐ.എസ്.ആർ.ഒ.യുടെ സഹകരണത്തോടെ ആരംഭിക്കുന്ന ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം 2009 ജൂൺ മാസത്തോടുകൂടി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യും. ബി.എച്ച്.

ഇ.എൽ.-ഉം ആയി സഹകരിച്ച് 'കെൽ'-ന്റെ നവീകരണത്തിനുള്ള ശ്രമം നടത്തുന്നു. കുണ്ടറ സിറാമിക്സിനെ വികസനത്തിലെത്തിക്കാനും മലബാർ സിമെന്റ്സിലെ ഉല്പാദനം 7 ലക്ഷം ടണ്ണാക്കി ഉയർത്താനും നടപടി സ്വീകരിച്ചു. പൂട്ടിക്കിടന്ന മലബാർ സ്പിന്നിംഗ് മിൽ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കെ.എസ്.ഡി.പി. എന്നിവ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. കെ.എസ്.ഡി.പി.-ക്ക് 20 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അനുമതി കൊടുത്തു. കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ 23 കോടി രൂപയുടെ വികസന പദ്ധതികൾ ആരംഭിച്ചു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്തി. കൂടുതൽ നിക്ഷേപം നടത്താൻ സന്നദ്ധരായ ബ്രഹ്മോസിന് ഭൂമി ഏറ്റെടുത്തുകൊടുക്കാൻ സൗകര്യമൊരുക്കും. എൻ.ടി.പി.സി.യുമായി ചേർന്ന് ടെൽക്കിന് പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കാൻ സഹായിക്കും. ആട്ടോകാസ്റ്റ് റെയിൽവേയുമായി ബന്ധപ്പെട്ട പ്രവർത്തനം ഈ വർഷം ആരംഭിക്കും. 'സെയിൽ'-ഉം ആയി ചേർന്ന് സ്റ്റീൽ കോംപ്ലക്സിന്റെ പുനരുദ്ധാരണ പദ്ധതികൾ ഈ വർഷം ആരംഭിക്കും. ചൈനീസ് ടെക്നോളജി ഉപയോഗിച്ച് ഫ്ളോറിംഗ് മെറ്റീരിയൽസ് ഉല്പാദിപ്പിക്കുന്ന ബാംബു കോർപ്പറേഷന്റെ ഒരു യൂണിറ്റ് അങ്കമാലിയിൽ ആരംഭിക്കാൻ പോകുന്നു. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തും. ഡിഫൻസിന്റെ സഹായത്തോടുകൂടി പാലക്കാട് ഐ.ടി.ഐ. ഉറപ്പാക്കും. എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും കേന്ദ്ര ഗവൺമെന്റ് ശക്തിയായി ഇടപെട്ടുവരുന്നു. എച്ച്.എം.ടി.-യുടെ നവീകരണവും, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്,

ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്നിവയുടെ വിപുലീകരണവും ഗവൺമെന്റിന്റെ ലക്ഷ്യങ്ങളാണ്. കൊച്ചിയിൽ L.N.G. (Liquid Natural Gas) ടെർമിനൽ സ്ഥാപിക്കുന്നതിനും കൃഷ്ണാ ഗോദാവരി ബേസിൽ നിന്നുള്ള പ്രകൃതി വാതകം കേരളത്തിന് ലഭ്യമാക്കുന്നതിനും ശ്രമം നടത്തിവരുന്നു. കാസർഗോഡ് ജില്ലയിൽ ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനം ആരംഭിക്കാൻ 200 ഏക്കർ സ്ഥലം കിൻഫ്ര പാട്ടത്തിന് നൽകും. സ്വകാര്യ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങളോടുകൂടി കിൻഫ്രയുടെ കൂടുതൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും ശ്രമിക്കും. അതിനാവശ്യമായ സ്ഥലം കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഏറ്റെടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ 5000-ലധികം പേർക്ക് നേരിട്ട് ജോലി ലഭിക്കും. കണ്ണൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പദ്ധതിയായ വലിയവെളിച്ചം ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിന്റെ നിർമ്മാണപ്രവർത്തനം ഈ വർഷം പൂർത്തിയാകും. വെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള സ്കീം ആവിഷ്ക്കരിക്കും. 500 പേർക്ക് ജോലി നൽകിക്കൊണ്ട് പുതിയ ഗാർമെന്റ് പാർക്ക് ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് അസ്ട്രൾ വാച്ചസിന്റെ സ്ഥലത്ത് പുതിയ സംരംഭകരെ കൊണ്ടുവരും. കോഴിക്കോട് കിനാലൂർ, ചെറുവണ്ണൂർ, നാദാപുരം, കുറ്റിയാടി, പുതുപ്പള്ളി എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി. പുതിയ വ്യവസായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പൊന്നാനിയിൽ ചെറുകിട വ്യവസായ ക്ലസ്റ്റർ പദ്ധതി നടപ്പാക്കും. ചേലക്കര സിഡ്കോയുടെ ആഭിമുഖ്യത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഈ വർഷം പൂർത്തീകരിക്കും. 3000 ചെറുകിട സിക്ക് യൂണിറ്റുകൾ ഈ വർഷം പുനരുദ്ധരിക്കുകയും 20000 പേർക്ക് തൊഴിലവസരം സൃഷ്ടി

ക്കുകയും ചെയ്യും. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നവീകരിക്കുകയും സാധ്യതയ്ക്കനുസരിച്ച് ചെറുകിട വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുകയും ചെയ്യും. മലപ്പുറം ക്രാഫ്റ്റ്സ് മേള വാർഷിക മേളയാക്കിമാറ്റും. ഖാദി വസ്ത്രോൽപാദനം വർദ്ധിപ്പിക്കുകയും സ്കൂൾ യൂണിഫോം പദ്ധതി വ്യാപി പ്പിക്കുകയും ചെയ്യും. ഖാദി, നൂൽ, തുണി എന്നിവയുടെ ഉല്പാദനക്ഷമ തയും ക്വാളിറ്റിയും വർദ്ധിപ്പിക്കുന്നതിനുള്ള റിസർച്ച് സെന്റർ തൃശ്ശൂരിൽ ആരംഭിക്കും. ഖാദി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കോഴിക്കോട് പുതിയ ഖാദി ഷോറൂം ആരംഭിക്കുന്നതിനും കൈത്തറി സംഘ ങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരി ക്കും. ഹൈക്കോടതി കേസ് തീർപ്പാകുന്ന മുറയ്ക്ക് ശോഭാ ഹൈടെക് സിറ്റി സമർപ്പിച്ച പദ്ധതി പരിശോധിച്ച് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരി ക്കും. 2008-09 വർഷത്തിൽ 10,000 കോടി രൂപയുടെ സ്വകാര്യ മൂലധന നി ക്ഷേപം കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. പുതിയ പവർ പ്രോജക്ടുകൾ, വ്യവസായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവ 'ഇൻകെൽ' തയ്യാറാക്കിവരുന്നു. വനം, ആരോഗ്യം എന്നീ വകുപ്പുകളുമായിച്ചേർന്ന് കൂടുതൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കാനും ആയുർവേദ മരുന്ന് ഉല്പാദിപ്പിക്കാനുമുള്ള പദ്ധതി തയ്യാറാക്കും. ആധുനിക തലമുറയ്ക്ക് വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ കെൽട്രോണിന്റെ നേതൃത്വത്തിൽ ആരംഭിക്കും. തിരുവനന്ത പുരത്തും കണ്ണൂരിലും ആരംഭിച്ചതുപോലെ നോളജ് സെന്ററുകൾ കോഴി ക്കോടും എറണാകുളത്തും വളാഞ്ചേരിയിലും ഈ വർഷം ആരംഭിക്കും. പ്രതിരോധ വകുപ്പ്, ഐ.എസ്.ആർ.ഒ. എന്നിവയുമായിച്ചേർന്ന് അനുബന്ധ

യൂണിറ്റുകളാരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഈ വർഷം ക്ലാസ്സുകൾ ആരംഭിക്കും. ദിനേശ്ബീഡി വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കണ്ണൂരിൽ ആരംഭിച്ച ഗാർമെന്റ് യൂണിറ്റ് ലാഭകരമായി നടക്കുന്നു. അതിന്റെ ഒരു യൂണിറ്റുകൂടി ഈ വർഷം ആരംഭിക്കും. ആലത്തൂർ മണ്ഡലത്തിൽ കെൽപാമിന്റെ ഒരു യൂണിറ്റ് നവീകരിച്ച് പ്രവർത്തനം ആരംഭിക്കും. കരകൗശല വികസന കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തും. കേരളത്തിൽ വരുന്ന വലിയ മുതൽമുടക്കുള്ള പ്രോജക്ടുകാർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും സഹായങ്ങളും ചെയ്യുക എന്നത് ഗവൺമെന്റിന്റെ ചുമതലയാണ്. മാറിമാറി വരുന്ന സർക്കാരുകളുടെ നയങ്ങൾ നടപ്പാക്കേണ്ടത് ഉദ്യോഗസ്ഥരാണ്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ദ്രുതഗതിയിൽ നടക്കുന്നു. S.E.Z. (Special Economic Zone)-ന്റെ അപേക്ഷകൾ കൂട്ടായ ആലോചനകൾക്കുശേഷം അനുവദിച്ചാൽ മതിയെന്നുള്ളതാണ് ഗവൺമെന്റ് തീരുമാനം. ഭൂമി കൈവശമുള്ളവർ നിർബന്ധിതമായി അക്വയർ ചെയ്തതല്ലെന്ന് ബോധ്യപ്പെടുന്നതും അവരുടെ പ്രോജക്ടുകൾ സംസ്ഥാനത്തിന് അനുയോജ്യമാണെന്ന് ബോധ്യമുള്ളതുമായ S.E.Z. അപേക്ഷകൾ മാത്രം ശുപാർശ ചെയ്താൽ മതിയെന്നുള്ളതാണ് ഗവൺമെന്റ് നിലപാട്. യു.ഡി.എഫ്. സർക്കാർ കൊണ്ടു വന്ന ദാമോദർ കരാർ ക്യാൻസൽ ചെയ്ത് ഇലഞ്ഞിക്കൽ ഗ്രൂപ്പുമായി കരാർ ഒപ്പിട്ടത് എല്ലാ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തതിനുശേഷമാണ്. പ്രസ്തുത കരാർ ആദ്യത്തെ കരാറിനേക്കാൾ മെച്ചപ്പെട്ടതാണ്. റോസോബ

റോൺ എന്ന റഷ്യൻ കമ്പനിയുമായി കരാർ ഉണ്ടാക്കിയതിനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചു. ടൈറ്റാനിയം സ്പോഞ്ചും ടൈറ്റാനിയം മെറ്റൽസും ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഇന്ത്യയുടെ കൈവശമില്ലാത്തതിനാലാണ് ഇതിന്റെ ചെലവ് മുഴുവൻ വഹിക്കാൻ തയ്യാറായ റഷ്യൻ കമ്പനിയുമായി കരാറുണ്ടാക്കി പ്രസ്തുത പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇതിൽ 26 ശതമാനം ഷെയർ സംസ്ഥാന ഗവൺമെന്റിന് കിട്ടണമെന്നും കേന്ദ്രഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി പങ്കാളികളാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കരിമണൽ ഖനനം പൊതുമേഖലയിൽ മാത്രമായിരിക്കണമെന്ന ഗവൺമെന്റ് നയം അംഗീകരിച്ചിട്ടുണ്ട്. കരിമണൽ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കമ്പനികൾക്ക് അനുവാദം കൊടുക്കുന്നതിന് ഗവൺമെന്റ് എതിരല്ല. അതിനുവേണ്ടി ഇ.ഒ.ഐ (എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്) ക്ഷണിച്ച് ഏറ്റവും ചുരുങ്ങിയ ഇൻവെസ്റ്റുമെന്റോടുകൂടി വരുന്നവരെ മാത്രം ഇതിൽ എൻഗേജ് ചെയ്യിച്ചാൽ മതിയെന്നു തീരുമാനിച്ചിട്ടുണ്ട്. എച്ച്.എം.ടി. ഭൂമിയിടപാട് സംബന്ധിച്ച പ്രശ്നം കോടതി മുമ്പാകെ ഇരിക്കുന്നതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല. ഈ സർക്കാർ വന്നതിനുശേഷം പി.എസ്.യു. സെലക്ഷൻ ബോർഡ് മുഖേന 14 പേരെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരായി നിയമിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ പുതിയ വ്യവസായ പദ്ധതികൾ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ചൗധരി കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഒരു കമ്പനിയും അടച്ചു പൂട്ടിയിട്ടില്ല. കെൽട്രോൺ കൗണ്ടേഴ്സ് സംസ്ഥാന നികുതി വകുപ്പിന് കൈമാറിയിട്ടുണ്ട്. കേരള സിറാമിക്സ് ലിമിറ്റഡിനേയും കെ.എസ്.ഒ. (കേരള

സോപ്സ് ആന്റ് ഓയിൽസ്)-നേയും പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലബാർ സ്പിന്നിംഗ് മില്ലിന്റെ അടച്ചു പൂട്ടൽ ഉത്തരവ് റദ്ദ് ചെയ്തു. തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിക്വിഡേഷനിൽ നിന്നും ഏറ്റെടുത്ത് റീ ഓപ്പൺ ചെയ്യാൻ തീരുമാനിച്ചു. ആട്ടോകാസ്റ്റിന്റെ കാര്യത്തിൽ റെയിൽവേയുമായി എം.ഒ.യു. സൈൻ ചെയ്തു. ഡിസ്ഇൻവെസ്റ്റുമെന്റിന് തീരുമാനിച്ച എഫ്.ഐ.റ്റി.(ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ)-യും ലാഭത്തിൽ പ്രവർത്തിക്കുന്നു. ടെൽക്ക് എൻ.ടി.പി.സി.-യുമായി ജോയിന്റ് വെൻച്വറിൽ ഒപ്പുവച്ചു. സ്റ്റീൽ കോംപ്ലക്സ് സെയിലുമായി ജോയിന്റ് വെൻച്വറുണ്ടാക്കി. കെൽട്രോൺ പവർ ഡിവൈസസ് കേന്ദ്ര ഡിഫൻസ് വകുപ്പിന്റെ സഹായത്തോടുകൂടി ഭാരത് ഇലക്ട്രോണിക്സുമായി സഹകരണമുണ്ടാക്കി പുനരുദ്ധരിപ്പിക്കാൻ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബില്ലിന്റെ കാര്യം പരിശോധിക്കുന്നതാണ്. സെറിഫെഡിലെ ജീവനക്കാരുടെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വ്യവസായ നയങ്ങൾക്ക് ഒരു തുടർച്ച ആവശ്യമായതുകൊണ്ട് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഒരു മിനിമം കോമൺ ഡെവലപ്മെന്റ് അജണ്ടയുണ്ടാക്കാൻ മുൻകൈ എടുക്കുന്നതാണ്. ടി.ടി.പി. ഇപ്പോൾ ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ ഒരു പ്രോജക്ട് കിട്ടുകയാണെങ്കിൽ അസ്ട്രൾ വാച്ചസ് ലിമിറ്റഡിന്റെ സ്ഥലത്ത് ഐ.ടി പാർക്ക് നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ എച്ച്.എം.ടി ഭൂമി സംബന്ധിച്ച് തുടർനടപടി സ്വീകരിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : തുറമുഖ വകുപ്പ് ഇന്ന് കേരളത്തിന്റെ ഒരു ശ്രദ്ധാകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ വരുന്ന മൂന്നു വർഷത്തിനുള്ളിൽ 12,000 കോടി രൂപയുടെ മുതൽ മുടക്ക് നടത്തും. കോട്ടയം ഉൾപ്പെടെ പത്ത് ജില്ലകളിലായി ഒരു തുറമുഖ ശൃംഖല വളർത്തിയെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, തുറമുഖങ്ങൾ അന്തർദേശീയ വ്യാപാരം ലക്ഷ്യ മാക്കിയും ആലപ്പുഴ തുറമുഖം മറീന കം കാർഗോ ആയും പൊന്നാനി തുറ മുഖം ആഭ്യന്തര ചരക്ക് ഗതാഗതത്തിനനുയോജ്യമായും വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോസ്റ്റൽ ഷിപ്പിംഗ് വികസിപ്പിക്കാ നും ലക്ഷ്യമിടുന്നുണ്ട്. കൊല്ലം തുറമുഖത്തെ ഒരു ഫീഡർ പോർട്ടായി വിക സിപ്പിക്കാൻ ഗ്ളോബൽ ടെണ്ടറിലൂടെ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തു കഴിഞ്ഞു. വിഴിഞ്ഞം പോർട്ടിന് കേന്ദ്ര ഗവൺമെന്റിന്റെ ക്ളിയറൻസ് ഒരുമാ സത്തിനകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വല്ലാർപാടം പദ്ധതിക്കുള്ള സ്ഥലമെടുപ്പ് പ്രശ്നം പരിഹരിച്ചുകഴിഞ്ഞു. 2009-ൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് കപ്പൽ നിർമ്മാണശാലകൾ, ഷിപ്പ്യാർഡ് തുടങ്ങിയ തൊഴിലധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അതിനായി പൂവാർ തീരം തെരഞ്ഞെടുത്തിട്ടുണ്ട്. തൊഴിലവസരങ്ങളുള്ള കോഴ്സുകൾ പരിശീലിപ്പിക്കാൻ കാസർഗോഡും മഞ്ചേശ്വരത്തും കൊല്ലത്തും ഓരോ

മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥന 27 നെതിരെ 77 വോട്ടുകളോടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥന ഐകകണ്ഠ്യേനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ച് തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.52-ന് പിരിഞ്ഞു.

.......................